# വിരുന്നു വന്ന മാമൻ

702

ഗ്രന്ഥകർത്താ:—

കെ. സുകുമാരൻ, ബി. എ.

JAWAHAR SMARAKA GRANTHASALA
Reg. No. 3273

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്,

കോഴിക്കോട്.

വില: 8 ണ.

First Edition 1955.

*Copyright to publishers.*

Printed at
The Prakasakaumudi Printing Works, Calicut.

702

# വിരുന്നു വന്ന മാമൻ

## ഒന്ന്

വിശാലമായ ഒരു പറമ്പിൽ പണിതുവെച്ച ആകർഷണീയമായ ഒരു ബങ്കളാവിൽ, മാധവൻനായരും മാലതിഅമ്മയും, തങ്ങളുടെ ദാമ്പത്യജീവിതം ഇണപ്രാവുകൾപോലെ മോടിയിൽ കഴിച്ചുകൂട്ടുകയാണു്. പറമ്പ് ആ നാട്ടിന്ന് ഒരു അലങ്കാരവും, ബങ്കളാവ് ആ പറമ്പിന്നു ഒരു അലങ്കാരവും, ദമ്പതികൾ ആ ബങ്കളാവിന്നു ഒരു അലങ്കാരവും, പ്രണയം ആ ദമ്പതികൾക്കു് ഒരു അലങ്കാരവും, ദൈവകാരുണ്യം ആ പ്രണയത്തിന്നു് ഒരു അലങ്കാരവുംകൂടി ആയിരുന്നു. മാധവൻനായർ ഒരു ദൃഢഗാത്രനായ തരുണനും, മാലതിഅമ്മ ഒരു മൃദുഗാത്രിയായ തരുണിയും ആണു്. മാധവൻനായർ പുഷ്പം ആണെങ്കിൽ മാലതി സൌരഭ്യമാണു്. മാധവൻനായരും മാലതിയും നളനും ദമയന്തിയും പോലെ, അന്യോന്യാനുരാഗംകൊണ്ടു് തുളുമ്പുന്ന ഉററ സഖികളായിരുന്നു. ഇവൎക്കു നാട്ടിൽ ഒരാളോടും അസൂയ ഉണ്ടായിരുന്നില്ല. എങ്കിലും, ഇവരെ അസൂയപ്പെടാത്തവർ നാട്ടിൽ ഒരാളും ഉണ്ടായിരുന്നില്ല.

മാധവൻനായരുടെയും മാലതിഅമ്മയുടെയും തല്ക്കാലാവസ്ഥയിൽ, എടുത്തുപറവാൻ തക്കവണ്ണം അതിശയകരമായ മറെറാരു സാമ്യവുംകൂടി ഉണ്ടു്. രണ്ടുപേൎക്കും, അവ

രുടെ അറിവിൽ പെട്ടേടത്തോളം ബന്ധുക്കൾ (ചാർച്ച ക്കാർ) ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ട്, ഇവരുടെ വിവാഹം, ബന്ധുക്കളുടെ ഇടയിൽ വെച്ച് അഗ്നിസാക്ഷിയായി നടത്തപ്പെടേണ്ടുന്നതിന്ന പകരം, റജിസ്ത്രാർ മുഖാന്തരം, കൈമുദ്ര വെച്ച ആധാരം വഴിയായി ഉറപ്പിക്കപ്പെട്ട ഒന്നായിരുന്നു. മററു ദമ്പതികളെപ്പോലെ വീട്ടിൽ കൂടക്കൂടെ വന്നുപോവാനോ, ഇടക്കിടെ വന്നു താമസിക്കാനോ ആരും ഇല്ലാത്തതുകൊണ്ട് ഇവരുടെ വീട്ടിൽ ഏതു സമയത്തും ഒതുക്കവും, സൈ്വരവും, ശാന്തിയും വിളയാടിയിരുന്നു. വിതിച്ചുകൊടുക്കത്തക്കവണ്ണം ബന്ധുക്കൾ ആരും ഇല്ലാത്തതുകൊണ്ട് ഇവരിൽ അങ്കുരിക്കേണ്ടുന്ന ബന്ധുസ്നേഹവുംകൂടി, ഇവർ അന്യോന്യം വീതിച്ചെടുത്തു തങ്ങളുടെ പ്രാണപ്രണയബന്ധം ഒന്നുകൂടി മുറുക്കുകയാണു് ചെയ്തതു്.

മാധവൻനായർ അവിടത്തെ അംശം അധികാരിയും ചുരുങ്ങിയ നിലയിൽ ഒരു ജന്മിയും ആയിരുന്നതുകൊണ്ട് ഇവരുടെ ദാമ്പത്യജീവിതം നല്ല സുഖത്തിൽ കഴിഞ്ഞുപോന്നിരുന്നു. അംശക്കച്ചേരി അധികാരിയുടെ വീട്ടിൻെറ ഒരു നാഴിക അകലെ ആയിരുന്നു. മാധവൻനായർ രാവിലെ ഒമ്പതുമണിക്കു അവിടെച്ചെന്നാൽ പിന്നെ ഊണിന്നു്വേണ്ടി പന്ത്രണ്ടു്മണിക്കു വീട്ടിലേക്കു മടങ്ങും. അതിൽപിന്നെ അത്യാവശ്യം ഉണ്ടെങ്കിൽ മാത്രമേ കച്ചേരിക്കു പോകാറുള്ളു.

ഒരു ദിവസം മാധവൻനായർ പതിവ്പോലെ കച്ചേരിയിൽ ഇരിക്കുമ്പോൾ ഒരു അപരിചിതൻ കേറിവന്നു. ഏകദേശം അമ്പതുവയസ്സ്കാണും. താടിയും മുടിയും

നീട്ടിയിരിക്കുന്നു. പകുതി നരച്ചിട്ടും ഉണ്ട്. കുപ്പായത്തിന്നു പകരം ഒരു തോൎത്തുമുണ്ട് ചുമലിൽ ഇട്ടിട്ടുണ്ട്. നെററി, നെഞ്ഞ്, കൈ എന്നീ ദേഹഭാഗങ്ങളിൽ തടിച്ച വെണ്ണീർ വരകൾ, ശങ്കിനിയുടെ (ഒരുജാതി വെള്ളിക്കെട്ടൻ) ദേഹത്തിലെ പട്ടകൾ എന്നപോലെ, സുലഭമായിത്തിളങ്ങുന്നുണ്ട്. ദേഹം ലേശം കറുത്തും കുറേ സ്ഥൂലിച്ചിട്ടുമാണ്. ഒരു വാൎണ്ണീഷിൻെറ ഉളിച്ചൽ ദേഹത്തിന്ന് കാന്തികൊടുക്കുന്നുണ്ട്. ആഗതൻ മന്ദഹസിച്ചുകൊണ്ട് വളരെ പരിചയഭാവത്തിൽ മാധവൻനായരെ നോക്കിനിന്നു.

മാധവൻനായർ:—ആരാണ്? എന്താണ് വേണ്ടതു്?

ആഗതൻ:—ഒക്കെപ്പറയാം. ജോലിത്തിരക്കു ഒന്നും ഇല്ലെങ്കിൽ—?

മാ. നാ:—എനിക്കിപ്പോൾ നല്ല അവസരമാണ്. ഒക്കെപ്പറഞ്ഞോളൂ.

ആഗതൻ:—എന്നാൽ ഒന്നാമത് ഞാൻ ആരാണെന്നു പറയാം.

മാ. നാ:—ശരി. എനിക്കു അറിവാൻ ഇടയുണ്ടോ എന്നു നോക്കാം.

ആഗതൻ:—ഞാൻ ചേനള്ളിപ്പോയിൽ ശേഖരൻനായരുടെ കാൎയ്യസ്ഥനാണ്.

മാ. നാ:—ഉവ്വോ! എൻെറ ഭാൎയ്യയുടെ തറവാട്ട് ചേനള്ളിപ്പോയിൽ ആണെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്.

ആഗതൻ:—എന്നാൽ ആ തറവാട്ടിലെ ശേഖരൻനായരെപ്പററി നിങ്ങൾക്കു അറിവുണ്ടാകും എന്നാണ് വിശ്വസിക്കേണ്ടതു്.

മാ. നാ:—എനിക്ക അങ്ങിനെ ഒരാളെപ്പററി ഒരു വിവരവും ഇല്ല.

ആഗതൻ:—കേവലം അറിവില്ലെന്നോ?

മാ. നാ:—അങ്ങിനെ ഒരാളുടെ പേരുംകൂടി, എനിക്കോൎമ്മ വെച്ചതിൽപിന്നെ മററുള്ളവർ പറഞ്ഞിട്ടുകൂടി കേട്ടിട്ടില്ല.

ആഗതൻ:—അങ്ങിനെ ആണെങ്കിൽ പൂൎവ്വചരിത്രം കുറെ കീൎത്തിക്കേണ്ടിവരും.

മാ. നാ:—ഒട്ടും മടിക്കേണ്ട. ഒക്കെ പറഞ്ഞോളൂ.

ആഗതൻ:—പൂൎവ്വചരിത്രം, ഞാൻ ഉണ്ടായപോലെ, ഒന്നും മൂടിവെക്കാതെ പറയുന്നതിന്ന് വിരോധം ഇല്ലല്ലൊ.

മാ. നാ:—ഒരു വിരോധവും ഇല്ല. പൂൎവ്വചരിത്രം കേൾപ്പാൻ എനിക്കും കൌതുകമാണ്.

ആഗതൻ:—നിങ്ങളുടെ ഭാൎയ്യ മാലതി അല്ലേ?

മാ. നാ:—അതേ.

ആഗതൻ:—മാലതിയുടെ അമ്മയാണ് മംഗളാമ്മ. അവരെക്കണ്ട ഓൎമ്മ ഉണ്ടോ?

മാ. നാ:—മാലതിക്ക പത്തുവയസ്സുള്ളപ്പോളാണ് അവർ മരിച്ചുപോയത്. എനിക്കന്നു പതിനഞ്ചുവയസ്സ് തികഞ്ഞിരിക്കും.

ആഗതൻ:—അപ്പോൾ തീൎച്ചയായിട്ടും ഓൎമ്മ ഉണ്ടായിരിക്കണം.

മാ. നാ:—മറേറാ! അവരെ എപ്പോഴും കാണാറുള്ളതുകൊണ്ട് കേവലം മറന്നുപോവാൻ ഒരിക്കലും സംഗതി ഇല്ല.

ആഗതൻ:—അങ്ങിനെതന്നെയാണ് ഞാനും ധരിച്ചതു്.

മാ. നാ:—ആ വെളുത്തു തടിച്ച സ്ത്രീയെ ഞാൻ ഒരിക്കലും മറക്കില്ല.

ആഗതൻ:—എന്നാൽ ആ സ്ത്രീയുടെ നേരെ ആങ്ങളയാണ്, എന്നെ കാര്യസ്ഥനാക്കിയ എൻെറ യജമാനൻ ശേഖരൻനായർ.

മാ. നാ:—മംഗളാമ്മയുംകൂടി തനിക്കു അങ്ങിനെ ഒരു ആങ്ങള ഉണ്ടെന്ന് എന്നോടോ മാലതിയോടോ ഇതുവരെ പറഞ്ഞിട്ടില്ല.

ആഗതൻ:—നേരോ?

മാ. നാ:—നാട്ടുകാരുംകൂടി പറഞ്ഞുകേട്ടിട്ടില്ല.

ആഗതൻ:—അത്ഭുതം തന്നെ.

മാ. നാ:—അങ്ങിനെ ഒരാറം ഉണ്ടെന്ന വിവരവുംകൂടി ഞങ്ങൾക്കാർക്കും ഇല്ല.

ആഗതൻ:—നിങ്ങൾക്കു് ഉണ്ടാവാനും ഇടയില്ല.

മാ. നാ:—എന്തുകൊണ്ടു് ?

ആഗതൻ:—ശേഖരൻനായർ മംഗളാമ്മയുടെ കൂടെ ഒരിക്കലും താമസിച്ചിരുന്നില്ല.

മാ. നാ:—എന്നാൽ ആ വിവരമെങ്കിലും ആർക്കെങ്കിലും ഉണ്ടായിരിക്കേണ്ടയോ?

ആഗതൻ:—ഉണ്ടെന്നും വരും അഥവാ ഇല്ലെന്നും വരും.

മാ. നാ:—നാട്ടുകാരുടെ കാര്യം ഞാൻ അറിയില്ല. എൻെറ കാര്യത്തിൽ ഇല്ലെന്നു എനിക്കു തീർച്ചപറയാം.

ആഗതൻ:—ഒരുസമയം ആ വിവരം നിങ്ങൾക്കു ഉണ്ടാവാനും ഇടയില്ല.

JAWAHAR ... GRANDHASALA ... P.O.

മാ. നാ:—എന്തുകൊണ്ടു് ഇടയില്ല?

ആഗതൻ:—മംഗളാമ്മയുടെ വിവാഹത്തിന്നു മുമ്പ ശേഖരൻനായർ സിങ്കപ്പൂരിൽ പോയിരുന്നു. പിന്നെ മടങ്ങിവന്നതു് മംഗലാമ്മയുടെ വിവാഹം കഴിഞ്ഞു പത്തുകൊല്ലം ആയപ്പോളാണു്.

മാ. നാ:—അന്നു് എനിക്ക പതിനഞ്ചുവയസ്സു് നടപ്പായിരിക്കണമല്ലൊ.

ആഗതൻ:—അതേ, മാലതിക്ക ഒമ്പതും.

മാ. നാ:—അന്നും ഞാൻ അയാളെ കണ്ടിട്ടില്ലല്ലൊ.

ആഗതൻ:—ആ വരവിൽ നിങ്ങളുടെ അച്ഛനെ കാണ്മാൻ നിങ്ങളുടെ വീട്ടിലുംകൂടി വന്നുപോവാൻ ശേഖരൻ നായൎക്ക ഇട ഉണ്ടായിരുന്നില്ല.

മാ. നാ:—എന്തുകൊണ്ടു്?

ആഗതൻ:—എന്തോ ഒരു കാൎയ്യത്തിൽ മംഗളാമ്മയുടെ ഭൎത്താവുമായി കലഹിച്ചു. അന്നുതന്നെ അദ്ദേഹം കൊളമ്പിലേക്ക തിരിച്ചു. അവിടുന്നു് സിങ്കപ്പൂരിലേക്ക കപ്പൽ കേറി.

മാ. നാ:—പിന്നെ എന്തുണ്ടായി?

ആഗതൻ:—ശേഖരൻനായർ ഇവിടം വിട്ട ഉടനെ മംഗളാമ്മയുടെ ഭൎത്താവു് മരിച്ചു. അവിടുന്നു മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ മംഗളാമ്മയും മരിച്ചു. ഇപ്പോൾ അദ്ദേഹത്തെ തിരിച്ചറിയുന്നവർ കുഡുംബത്തിൽ—എന്നുവെച്ചാൽ ആ വീട്ടിൽ—ഒരാളും ഇല്ല.

മാ. നാ:—നിങ്ങൾ പറയുമ്പോലല്ല ആണെങ്കിൽ ഉണ്ടാവാനും ഇടയില്ലല്ലൊ.

ആഗതൻ:—അദ്ദേഹത്തെ തിരിച്ചറിയുന്ന ആളോ ഇല്ല. ഇനി അയാളുടെ ഇപ്പോഴത്തെ സ്ഥിതി മനസ്സിലാക്കിയവർ ഉണ്ടോ? അതും ഇല്ല.

മാ. നാ:—നിങ്ങൾ പറഞ്ഞുതന്നിട്ടെങ്കിലും ഞങ്ങൾ മനസ്സിലാക്കട്ടെ.

ആഗതൻ:—വയസ്സ് നാല്പത്തഞ്ചായി.

702

മാ. നാ:—അപ്പോൾ വലിയ വൃദ്ധനല്ല.

ആഗതൻ:—അല്ല എന്നാൽ അതിനിടയിൽ ഒരു വലിയ കളി കളിച്ചു.

മാ. നാ:—അതൊക്കെയാണ് എനിക്കു കേൾക്കേണ്ടതു്.

ആഗതൻ:—സിങ്കപ്പൂരിൽ ചായ, കാപ്പി, കുരുമുളകു്, കറപ്പു്, റബ്ബർ എന്നീ വലിയ തോട്ടങ്ങൾ അദ്ദേഹത്തിന്റെ സ്വന്തം വകയായി ഉണ്ടായിരുന്നു. ഏകദേശം അൻപതുലക്ഷം വിലമതിക്കാവുന്ന തോട്ടങ്ങളാണു്.

മാ. നാ:—ഇത്ര ഗംഭീരമായ സമ്പാദ്യം അപൂർവ്വക്കാർക്കേ ഉണ്ടാകയുള്ളൂ.

ആഗതൻ:—അദ്ദേഹത്തിന്റെ ചട്ടവും ചാട്ടവും ഒക്കെ അങ്ങിനെയാണു്. അദ്ദേഹം സിങ്കപ്പൂരിലെ സമ്പ്രദായപ്രകാരം മുമ്മൂന്നുകൊല്ലം കാലനിർണ്ണയം ചെയ്തിട്ടു് അഞ്ചു വിവാഹം കഴിച്ചു. ഒരു ബർമ്മക്കാരി—ഒരു സയാംകാരി—ഒരു ആനാംകാരി—ഒരു ചീനക്കാരി ഒരു മലയക്കാരി. ഒന്നിലും ഒരു കുട്ടി ജനിച്ചില്ല.

മാ. നാ:—അഞ്ചാളും മച്ചികളായിരിപ്പാൻ ഇടയില്ല. ഉടവു് നായൿക്കു് തന്നെ ആയിരിക്കണം.

ആഗതൻ:—അതിലും വലിയ ഉടവാണു് പിന്നീടു് അയാളെ ബാധിച്ചതു്.

മാ. നാ:—എന്തു! സ്വത്തൊക്കെ പോയ്പോയോ?

ആഗതൻ:—ഇല്ല ജീവനാണ് പോയി എന്ന് വിചാരിച്ചുപോയതു്.

മാ. നാ:—എന്തുണ്ടായി?

ആഗതൻ:—പെട്ടെന്ന് പക്ഷവാതം പിടിപെട്ടു വലത്തെ കയ്യും കാലും വീണുപോയി.

മാ. നാ:—എന്നിട്ടു്?

ആഗതൻ:—ഭാഗ്യവശാൽ ഒരു വലിയ ഇംഗ്ലീഷു് ഡോക്ടർ അന്ന് സിങ്കപ്പൂരിൽ വന്നിരുന്നു. അയാളുടെ ചികിത്സകൊണ്ടു് രോഗം പത്തു ദിവസത്തിനുള്ളിൽ ഭേദമായി.

മാ. നാ:—അതും ഒരു ഭാഗ്യമല്ലേ?

ആഗതൻ:—കേവലം ഭാഗ്യമാണെന്നും പറഞ്ഞുകൂടാ എപ്പോഴെന്നറിയാത്ത അന്തരോഗം രണ്ടാമതൊരിക്കൽ വരുമെന്നും അപ്പോൾ മരണം തീർച്ചയാണെന്നുംകൂടി ഡോക്ടർ താക്കീതുചെയ്യുംപ്രകാരം പറഞ്ഞുകൊടുത്തു

മാ. നാ:—അതു അപ്പീലില്ലാത്ത വിധി ആയിപ്പോയല്ലോ.

ആഗതൻ:—അപ്പഴാണ് അയാളുടെ കണ്ണ് നല്ലവണ്ണം തുറന്നതു്. ഇനി സിങ്കപ്പൂരിൽ നിന്നിട്ടു് ഫലമില്ലെന്നു അയാൾക്കു തോന്നി. അറുപതുലക്ഷത്തിൻെറ സ്വത്തു് പെട്ടെന്ന് ഒരു ധാരയ്ക്കു് മുപ്പതുലക്ഷത്തിനു വിററു. പിന്നെ ആ പണം ഒക്കെ എന്തുചെയ്യണം എന്ന ഭ്രമമായി. സിങ്കപ്പൂരിൽനിന്നു ആദ്യം പണമൊക്കെ ഇന്ത്യയിലെ ലോയിഡ് ബേങ്കിൽ ഇട്ടു. ഇവിടെ എത്തിയാൽ ആ തുക തൃശ്ശൂരിലെ “ശിവരാമൻ”

ബെങ്കിൽ ഇടാമെന്നും വെച്ചു. പിന്നെ കയ്യിരിപ്പുള്ള പണവും മററും എടുത്തു ഇങ്ങട്ട് പോന്നു.

മാ നാ:—എന്നിട്ട് ?

ആഗതൻ:—മതിരാശിയിൽ എത്തിയ ഉടനെ ഒരു വീട് മല്ലാലിയുമായി കൂടിക്കാഴ്ച ഉണ്ടായി. പതിനൊന്നായിരം ഉറുപ്പിക കൊടുത്ത് പാൎത്ഥസാരഥി കോവിലിന്നടുത്തു "പൂമാല" എന്ന ഒരു നല്ല വീടും പറമ്പും വാങ്ങി സാമാനങ്ങൾ ഒക്കെ അവിടെ ഇട്ടു പൂട്ടി, ഇവിടെ മരുമകളുടെ വീട്ടിലേക്കു വന്നു.

മാ. നാ:—അത്രത്തോളം മനസ്സിലായി.

ആഗതൻ:—ശേഷവും മനസ്സിലാക്കിത്തരാം. പരേതയായ മംഗളാമ്മ—എന്നുവെച്ചാൽ തന്റെ സ്വന്തം പെങ്ങൾക്ക്—ഒരു പെൺകുട്ടി ഉണ്ടെന്ന അറിവ് അദ്ദേഹത്തിന്നുണ്ട് അവൾ വിവാഹിച്ചതു നിങ്ങളെയാണെന്നും അദ്ദേഹത്തിന്നറിവുണ്ട്. അവൾ പോരുന്നവളാണെങ്കിൽ പണമൊക്കെ അവൾക്കു കൊടുക്കാമെന്നാണ് വെച്ചിട്ടുള്ളതു്.

മാ നാ:—വാങ്ങാൻ അവൾ തയ്യാറാണല്ലൊ.

ആഗതൻ:—തരുന്നതിന്ന് മുമ്പ് അവളെയും നിങ്ങളെയും ഒന്നു പരീക്ഷിക്കുവാൻ വേണ്ടി ആയിരിക്കണം കുറെ ദിവസം നിങ്ങളുടെ ഒപ്പം ഈ വീട്ടിൽ താമസമാക്കാം എന്ന് ഉറച്ചതു്.

മാ. നാ:—എനിക്കു അതിന്ന് ഒരു വിരോധവുമില്ല. ഉണ്ടാവാൻ ഇടയുമില്ല.

ആഗതൻ:—അതു എനിക്കും നിശ്ചയമുണ്ട്.

മാ. നാ:—മാലതിയുടെ അമ്മാമനെ ഞാൻ എന്റെ സ്വന്തം അമ്മാമനെപ്പോലെ കരുതും.

ആഗതൻ:—എന്നാൽ ഒന്നുകൂടി പറവാനുണ്ട്. യജമാനസ്നേഹമില്ലാഞ്ഞിട്ടാണ് എന്നു കരുതരുത്. എല്ലാ കാര്യവും പറഞ്ഞുതരേണ്ടതു എന്റെ മുറയാണ്.

മാ. നാ:—അങ്ങിനെയുള്ള കാര്യമാണ് എനിക്കും കേൾക്കേണ്ടതു്.

ആഗതൻ:—ശേഖരൻനായർ ഒരു ശുദ്ധനാണ്. മനസ്സിൽ വിചാരിക്കുന്നതു ഒന്നു; പുറമേ സംസാരിക്കുന്നതു മറെറാന്നു എന്ന സംപ്രദായം അദ്ദേഹത്തിന്നു കേവലം ഇല്ല.

മാ നാ:—അതു നിങ്ങൾ മനസ്സിലാക്കിത്തന്നതും നന്നായി

ആഗതൻ:—അതു അദ്ദേഹം ഇവിടെ വന്നുകേറിയ ഉടനെ നിങ്ങൾക്കും മനസ്സിലാവും.

മാ നാ—എന്നാൽ മനസ്സിലാക്കാനുള്ള മാർഗ്ഗം ഇരട്ടിച്ചു.

ആഗതൻ—അതുകൊണ്ടും ആയില്ല.

മാ. നാ—മുഴുവനും കേൾക്കട്ടെ. ഒന്നും വിട്ടുകളയേണ്ട.

ആഗതൻ—പക്ഷവാതം പിടിപെട്ടതിൽപിന്നെ ആൾ ഒരു വെറിയനായിത്തീൎന്നിട്ടുണ്ട്. ചില്ലറക്കാര്യങ്ങൾ പറയുമ്പോൾ തല്ക്കാലം തോന്നിയപോലെ പല അതിശയോക്തികളും പ്രയോഗിച്ചു സത്യത്തിന്നു് പല മാററങ്ങളും വരുത്താൻ മതി. എന്നാൽ ഗൌരവകാര്യത്തിൽ സത്യം പ്രമാണം എന്ന തന്റെ സ്വഭാവത്തിന്നു ഒരിക്കലും ഇളക്കം നേരിടുകയില്ല.

മാ. നാ—അതു മഹാന്മാരുടെ ലക്ഷണങ്ങളിൽ ഒന്നാണ്.

ആഗതൻ—എന്തുതന്നെ ആയാലും മുപ്പതുലക്ഷം കയ്യിരിപ്പുള്ള ഒരു മഹാനാണ്! നിങ്ങളുടെ ഭാര്യയല്ലാതെ മററാരു അവകാശിയും അദ്ദേഹത്തിനില്ല. ഇതു ഒരിക്കലും മറക്കാൻ പാടില്ലാത്ത ഒരു പരമാത്ഥമാണു്.

മാ. നാ—മറക്കാൻ വിചാരിച്ചാൽകൂടി ഞങ്ങൾക്കു സാധിക്കയില്ല. അതുകൊണ്ടു് അദ്ദേഹം എൻെറ വീട്ടിൽ വന്നോട്ടെ. എനിക്കു എൻെറ വീട്ടിൽ അദ്ദേഹം പാക്കുന്നതു വലിയ സന്തോഷമാണു്.

ആഗതൻ—അങ്ങിനെതന്നെയാണ് നിങ്ങൾക്കു തോന്നേണ്ടതും.

മാ. നാ—അദ്ദേഹം ഇപ്പോൾ എവിടെയാണ് ഉള്ളതു്?

ആഗതൻ—ഇതിൻെറ അടുക്കെ ഒരു റിസ്റ്റോറണ്ടിൽ ഉണ്ടു്.

മാ നാ—എന്നാൽ എൻെറ വീട്ടിലേക്കു കൂട്ടിക്കൊണ്ടു് ചെല്ലൂ. എനിക്കു തല്ക്കാലം വീട്ടിലേക്കു മടങ്ങാൻ തരമില്ല.

ആഗതൻ—അങ്ങിനെ ചെയ്യാം. പക്ഷേ ഒരു കാര്യവുംകൂടി ഓമ്മിക്കാനുണ്ടു്. നിങ്ങളുടെ ഭാര്യ മാലതി ശാന്തയും സുശീലയുമാണെന്നു് ഞാൻ പണ്ടേ അറിയും. ഒരു അമ്മാമൻ ഉണ്ടെന്ന വിവരംകൂടി അവൾക്ക് ഉണ്ടായിരിക്കാൻ ഇടയില്ല. ഞങ്ങൾ രണ്ടാളും പെട്ടെന്നു് അവിടെ ചെന്നു കേറുമ്പോൾ മാലതി ഒന്നു ഞെട്ടിപ്പോവാൻ മതി.

മാ. നാ—നിങ്ങളുടെകൂടെ വരുവാൻ എനിക്കു തല്ക്കാലം സാധിക്കയില്ല.

ആഗതൻ—അതു വേണ്ട. അവരം തെററിപ്പോകാതിരിപ്പാ നുള്ള ഒരു മാർഗ്ഗമാണു് ഞാൻ നോക്കുന്നതു്.

മാ. നാ—അതിന്നു് ഞാൻ എന്താ വേണ്ടതെന്നു പറയൂ.

ആഗതൻ—അവളുടെ അമ്മാമൻ വരുന്നുണ്ടെന്ന വിവരത്തിന്നു് എൻെറവശം ഒരു എഴുത്തു തന്നാൽ മതി, ഞാൻ ഒന്നാമതു എഴുത്തു അവളുടെ വശം കൊടുക്കാം. പിന്നെ അവളുടെ അമ്മാമനെയും കൂട്ടി അങ്ങട്ടു് ചെല്ലാം.

മാ. നാ—ശരി.

ഇങ്ങിനെ ഭാര്യക്കു "നിൻെറ അമ്മാമൻ നിന്നെ കാണ്മാൻ നടാടെ വരികയാണു്. സകല ശുശ്രൂഷകളും വേണ്ടപോലെ ചെയ്തുകൊടുക്കുക. എല്ലാ വിവരങ്ങളും ഞാൻ മുഖേന കാണുമ്പോൾ പറയാം" എന്ന ഒരു എഴുത്തും മാധവൻനായരോടു് വാങ്ങി, വിടയും വാങ്ങി കാര്യസ്ഥൻ, മാധവൻനായരുടെ അംശക്കച്ചേരിയിൽനിന്നു. നമ്പറിന്നു ഗുണമായ വിധി സമ്പാദിച്ച ഒരു കക്ഷിയെപോലെ, സംതൃപ്തനായി മടങ്ങി.

# രണ്ടു്

മാധവിയുടെ വീട്ടിൽ രണ്ടു വലിയ ഉരുക്കുടങ്കം എടുത്തു വന്നതു ആദ്യം രണ്ടു കൂലിക്കാരായിരുന്നു. അവർ പോയതിൽപിന്നെ കേറിവന്നതു ആറടി പൊക്കമുള്ള ഒരു സ്ഥൂലശരീരിയാണു്. തടിച്ച മുഖവും കഷണ്ടിയും. ചെമ്പു് നിറമാണു്. നീണ്ട താടിയും മീശയും ഇടതിങ്ങിയതായിരുന്നു. ട്വീഡ് കോട്ടും കാലുസറായും ബൂട്ട്സും ധരിച്ചിരുന്ന ആ ലക്ഷപ്രഭു വലംകയ്യിൽ, പിടിക്കു സ്വർണ്ണം കെട്ടിയ മലാക്കാച്ചൂരൽ ഇടക്കിടെ നിലത്തു കുത്തിയിരുന്നു. തലയും പൊക്കി വരുന്ന അമ്മാമനെ എതിരേല്പാൻ വേണ്ടി മാലതി, വളരെ കൌതുകത്തോടും ലേശം പുഞ്ചിരിയോടും വരാന്തയിൽ വന്നുനിന്നിരുന്നു. വരാന്തയിൽ കേറിവന്ന ഉടനെ, അമ്മാമൻ, "ആരാമത്തിങ്കൽ ച്ചെന്ന മാലാകാരൻ" ഒരു പുഷ്പത്തെ എന്നപോലെ മാലതിയുടെ മുഖത്തു ഒരു മിനുട്ടു് നോക്കി. മാലതിയുടെ മുഖം ലജ്ജകൊണ്ടും കോപം കൊണ്ടും ചുകന്നു.

ശേഖരൻനായർ—നീയാണോ എന്റെ മരുമകൾ മാലതി?

മാലതി—അതെ അമ്മാമാ!

ശേ. നാ—ഞാൻ നിന്നേ മേലാൽ "മാലി" എന്നേ വിളിക്കാൻ ഭാവമുള്ളൂ.

മാലതി—നിങ്ങൾ എന്നെ എന്തുവിളിക്കുന്നതും എനിക്കു അനുഗ്രഹമാണു്.

ശേ. നാ—നിണക്കു നല്ല ഗുരുത്വം ഉണ്ടെന്നു തോന്നുന്നു.

മാലതി—എനിക്കു ഗുരുത്വമില്ലെന്നു ആരും പറയുകയില്ല.

ശേ. നാ—നിണക്കു ആളുകളെ ശുശ്രൂഷിപ്പാൻ അറിയാമോ?

മാലതി—ഇല്ല.

ശേ. നാ—പിന്നെ നീ എങ്ങിനെ ഗൃഹസ്ഥാശ്രമം പരിപാലിച്ചുപോകുന്നു?

മാലതി—ശുശ്രൂഷിക്കാൻ ആളെ നിയമിച്ചു അതും നടന്നുപോരുന്നു.

ശേ. നാ—നിൻെറ ഭത്താവിനെ നീ ശുശ്രൂഷിക്കാറില്ലെന്നോ?

മാലതി—ഭത്താവ് എന്നെ എപ്പോഴും ശുശ്രൂഷിക്കാറുണ്ട്.

ശേ. നാ—നിൻെറ ഭത്താവ് ആരെന്നാണു് നീ വിചാരിക്കുന്നതു്?

മാലതി—എനിക്കു ഭത്താവ്, നാട്ടുകാൎക്കു് അധികാരി, നിങ്ങൾക്കു് മരുമകൻ, ഹീനജാതിക്കു് തമ്പുരാൻ, ദൈവത്തിന്നു് ആരോ എന്നു് എനിക്കു നിശ്ചയമില്ല.

ശേ. നാ—നിൻെറ ഭത്താവിനെ നീ ദൈവമായി കരുതുന്നില്ലേ!

മാലതി—അങ്ങിനെ കരുതുന്നതു് ദൈവത്തിന്നു് അപമാനമായിരിക്കും.

ശേ. ന—ഭത്താവിനെ ദൈവമായ്ക്കരുതുന്ന ഭാര്യമാർ ഇല്ലെന്നോ?

മാലതി—അങ്ങിനെ ഉള്ള പെററകളും ഉണ്ടായിരിക്കാൻ മതി.

ശേ. നാ—എടീ! ജാതിസ്ത്രീകൾ പെററകളാണോ?

മാലതി—ജാതിപ്പുരുഷന്മാരാണ് അവരെ പെററകളാക്കിത്തീൎക്കുന്നതു്.

ശേ. നാ—അതിരിക്കട്ടെ. നീ നിൻെറ ഭത്താവിനെ ബഹുമാനിക്കുന്നുണ്ടോ?

മാലതി—എനിക്കു എൻെറ ഭർത്താവിനെ സ്നേഹമാണ്.

ശേ. നാ—നീ നിൻെറ ഭർത്താവിനെ ബഹുമാനിക്കുന്നില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്.

മാലതി—ഇല്ല എന്നാണ് ഞാൻ പറയുന്നതു്.

ശേ. നാ—ബഹുമാനിക്കാഞ്ഞാൽ സ്നേഹം ഉണ്ടാകുമോ?

മാലതി—സ്നേഹം വർദ്ധിക്കുന്തോറും ബഹുമാനം കുറഞ്ഞു പോകും.

ശേ. നാ—ഇതു മനുസ്മൃതിയോ, നിൻെറ സ്മൃതിയോ?

മാലതി—ഇതാണ് എൻെറ അനുഭവസ്മൃതി.

ശേ. നാ—നിണക്കു ഇങ്ങിനെ തോന്നുന്നതു് നിന്നെ ശകാരിപ്പാൻ ആളില്ലാഞ്ഞിട്ടാണ്.

702

മാലതി—അതിനും ആൾ ഇല്ലെന്നില്ല

ശേ. നാ—എന്തു! നിൻെറ ഭർത്താവ് നിന്നേ ശകാരിക്കാറുണ്ടെന്നോ?

മാലതി—ചിലപ്പോൾ ശകാരിക്കാറും ഉണ്ടു്.

ശേ. നാ—അപ്പോഴെങ്കിലും നിണക്കു സൽബുദ്ധി തോന്നാറില്ലേ?

മാലതി—അപ്പോൾ അയാളെ പറിച്ചുകീറണം എന്നു തോന്നാറുണ്ടു്.

ശേ. നാ—എന്താടീ! നീ നരിയാണോ?

മാലതി—ഞാൻ നാരിയാണ്.

ശേ. നാ—നാരി ഭർത്താവിനെ കടിച്ചുപറിക്കുമോ?

മാലതി—ഞാൻ അങ്ങിനെ ചെയ്യാറില്ല. എനിക്കു അങ്ങിനെ തോന്നാറേ ഉള്ളൂ.

ശേ. നാ—തോന്നുന്നതുംകൂടി തെററാണ്.

മാലതി—തോന്നിക്കുന്നതു ദൈവമാണ്.

ശേ. നാ—അപ്പോൾ തെററുകാരൻ ദൈവമാണെന്നോ?

മാലതി—ന്യായപ്രകാരം അങ്ങിനെയാണ് വരുന്നതു്.

ശേ. നാ—ദൈവത്തിനേയുംകൂടി നിണക്കു ബഹുമാനമില്ലെന്നോ?

മാ—നോക്കിയാൽ കാണാത്ത ആളെ എങ്ങിനെ ബഹുമാനിക്കും?

ശേ നാ—നിണക്കു എന്നെ ബഹുമാനമുണ്ടോ?

മാ—ഉണ്ടോ എന്നു പറവാൻ കാലമായിട്ടില്ല.

ശേ. നാ—നിണക്കു മര്യാദ ഉണ്ടോ എന്ന് ഞാനും അറിയുന്നില്ല.

മാ—പരിചയം വൎദ്ധിക്കുമ്പോരും എല്ലാം അറിയും.

ശേ. നാ—എന്തോ! ഞാൻ ഇവിടെ വന്നിട്ട് കുറേ നേരമായി എന്നോട്ട് ഇരിക്കാനുംകൂടി നീ പറഞ്ഞില്ല

മാ—കസേല മുമ്പിൽ ഉള്ളപ്പോൾ നിങ്ങൾക്കു ഇരുന്നുകൂടയോ?

ശേ. നാ—ഇതു സാധാരണ കസേലയില്ലൊ!

മാ—സാധാരണ എല്ലാരും ഇരിക്കുന്ന കസേലയാണ് അതു്.

ശേ. നാ—നീ എന്നെ ആരെന്നാണ് വിചാരിച്ചതു്?

മാ—ഇവിടെ വിരുന്നുവന്ന കാരണവർ എന്നു്.

ശേ. നാ—അവരെ ഇങ്ങിനെയാണോ നീ സ്വീകരിക്കേണ്ടതു്?

മാ—തോരണം തൂക്കാനും ഈവന്തോല വിതാനിക്കാനും ഇട ഉണ്ടായില്ല.

ശേ. നാ—നീ എന്താണതിരുവിട്ടു സംസാരിക്കുന്നതു്?

മാ—എന്റെ വീട്ട് എന്റെ അത്തിയിൽ പെട്ടതാണു്.

ശേ. നാ—എടീ, നിണക്കു നാണമില്ലെ!

മാ—ഞാൻ പുരാതനകിരാതന്മാരിലോ ഇദാനീന്തനപരിഷ്കൃതന്മാരിലോ പെട്ടവളല്ല.

ശേ. നാ—അവൎക്കെന്താ വിശേഷം?

മാ—പുരാതനകിരാതന്മാർ നാണം എന്താണെന്നു് അറിയുകയില്ല. നാഗരികരായ ഇദാനീന്തനന്മാർ നാണിക്കുന്നതു എന്തിനാണെന്നും അറിയുകയില്ല.

ശേ. നാ—നിന്റെ വാക്കുകേട്ടാൽ അവരുംകൂടി നാണിച്ചു പോകുമല്ലൊ.

മാ—എന്നാൽ കേൾക്കാൻ അവരില്ലാത്തതു എന്റെ ഭാഗ്യമായിരിക്കും.

ശേ. നാ—കേൾക്കാൻ ഞാൻ ഉണ്ടായതു എന്റെ നിൎഭാഗ്യവും.

മാ—അങ്ങിനെ നിങ്ങളാണ് അനുമാനിക്കുന്നതു്.

ശേ. നാ—മറെറന്താ! കസേലയുടെ കാൎയ്യം പറയുമ്പോൾ നാട്ടിലുള്ളവരെയെല്ലാം വലിച്ചുകൊണ്ടുവരേണ്ടതുണ്ടോ?

മാ—നാട്ടിലുള്ളവരെല്ലാം ഉപയോഗിക്കുന്നതാണ് കസേല.

ശേ. നാ—എന്നാൽ ഞാൻമാത്രം ഒഴിഞ്ഞുപോകേണ്ടു. എനിക്കു ഒന്നുതന്ന്വു.

മാ—നിങ്ങൾക്കല്ലേ ഒന്നു തന്നതു്?

ശേ. നാ—അതു സാധാരണന്മാൎക്കു പററിയതാണ്. എനിക്കു പററിയതല്ല.

മാ—നിങ്ങൾക്ക പററിയതു ഏതാണ്?

ശേ. നാ—എനിക്ക വേണ്ടതു ചാരുകസേലയാണ്.

മാ—അതു ഇവിടെ ഇല്ല

ശേ നാ—ഇല്ലെങ്കിൽ വിലകൊടുത്തു വാങ്ങ്. അല്ലെങ്കിൽ ചോദിച്ചുവാങ്ങ്.

മാ—ഞാൻ ഇരക്കാൻ പോകാറില്ല

ശേ. നാ—നീ അമ്പലത്തിൽ പോകാറില്ലേ?

മാ—ഉണ്ടു്.

ശേ. നാ—അതു ദൈവത്തിനോട്ട് ഓരോന്ന് ഇരക്കാൻ വേണ്ടിയല്ലേ?

മാ—ദൈവത്തോട്ട് ആക്കും ഇരക്കാം.

ശേ. നാ—ദൈവത്തെപോലെയുള്ള എനിക്കവേണ്ടിയാണ് ഇരക്കുന്നതെന്നു വിചാരിച്ചാൽ മതി.

മാ—നിങ്ങൾ ദൈവമാണോ?

ശേ. നാ—അതിഥി, വീട്ടുകാക്ക ഈശ്വരനാണ്.

മാ—അങ്ങിനെയാണെങ്കിൽ ഞാൻ ചാരുകസേലക്ക ഏർപ്പാട്ചെയ്യാം.

മാലതി വീട്ടിൻെറ ഉള്ളിൽപോയി, കുറെകഴിഞ്ഞപ്പോൾ മടങ്ങിവന്നു. "ആൾ പോയിക്കഴിഞ്ഞു. ചാരുകസേല ക്ഷണം ഇവിടെ എത്തും" എന്നു പറഞ്ഞു

ശേ. നാ—കൊണ്ടുവരുംവരെ ഞാൻ ഇരിക്കാം.

മാ—ഇനി വല്ലതും വേണ്ടതുണ്ടോ?

ശേ. നാ—വേണ്ടതു പലതും ഉണ്ടു്. നീ ദയവുചെയ്തു് ഒന്നാമതു് ഓൎമ്മിക്കേണ്ടതു് ഞാൻ ഒരു കണ്ണപ്പനോ ഉണ്ണപ്പനോ അല്ലെന്നാണു്. ഞാൻ രാജപദവിയിൽ കഴിയുന്ന ഒരു മഹാനാണു്. ആ രീതിയിൽ എന്നോടു് പെരുമാറാതിരുന്നാൽ ഞാൻ ഉടനെ ഇറങ്ങി എന്റെ പാട്ടിനു് പോകും.

മാ—അതു വേണ്ട മാമാ! സൎവ്വശുശ്രൂഷകളും ഞങ്ങളാം തെയ്യാറാണു്.

ശേ. നാ—വാകൊണ്ടു് പറഞ്ഞാൽ പോരാ. പ്രവൃത്തികൊണ്ടു് തെളിയിക്കണം.

JAWAHAR SMARAKA GRANDHASALA
Reg. No. 327
KIDARAKKUZHI, VENGANOOR P.O.

മാ—കല്പിക്കുക. നിറവേററാൻ ഞങ്ങളുണ്ടു്.

ശേ. നാ—തളൎന്ന നിലയിലല്ലേ ഞാൻ ഇവിടെ വന്നതു്? എന്നിട്ടുകൂടി ഒരു വിശറി തരാൻ നിണക്കു തോന്നിയോ?

മാ—എനിക്കൊന്നും തോന്നിയില്ല.

ശേ. നാ—നിണക്കു കേവലം വിവരമില്ലെന്നോ ഞാൻ ധരിക്കേണ്ടതു്.?

മാ—അങ്ങിനെ ധരിച്ചാൽ വലിയ ഉപകാരമായിരുന്നു.

ശേ. നാ—മതി. മതി. എനിക്കു കേൾക്കേണ്ട. ഞാൻ ഇവിടെ വന്നതുതന്നെ അബദ്ധമായി. പുത്തരിയിൽ തന്നെ കല്ലുകടിച്ചു. ശിവ! ശിവ! എന്റെ പെങ്ങൾ മംഗല്യ ജീവനോടെ ഉണ്ടായിരുന്നു എങ്കിൽ വല്ലതിന്നും കുറവുവരുത്തുമായിരുന്നോ?

ഇങ്ങിനെ പറഞ്ഞതോടുകൂടി അമ്മാമന്റെ കണ്ണിൽ വെള്ളം നിറഞ്ഞതു കണ്ടപ്പോൾ ലോലമാനസമായ മാലതിക്കും കണ്ണിൽ വെള്ളം നിറഞ്ഞു.

മാ—അയ്യോ, മാമാ! ഒട്ടും പരിഭവിക്കരുതു്. (വീട്ടിന്റെ അകത്തുനോക്കീട്ടു്) കുട്ടാ! ഒരു വിശറി എടുത്തു ഓടി വാ! മാണീ! മുറുക്കാൻ കൊണ്ടുവാ.

കുട്ടൻ, മാലതിയുടെ മാമന്റെ മുമ്പിൽ ഒരു വട്ടമേശയും അതിന്മേൽ ഒരു വിശറിയും കൊണ്ടുവെച്ചു. മാണി, മുറുക്കസാമാനങ്ങൾ വെച്ച ഒരു പിച്ചളത്തളിക ആ വട്ടമേശമേൽ കൊണ്ടുവെച്ചു അ അവസരത്തിൽത്തന്നെ രണ്ടാം ചാരുകസേലയും പേറി ശേഖരൻനായരുടെ അരികെ കൊണ്ടുവെച്ചു, തൊഴുതതിൽ പിന്നെ പോയി. മാലതിയുടെ മുഖം തൃപ്തികരമായ ഒരു മന്ദഹാസംകൊണ്ടു് തെളിഞ്ഞു.

മാ—ഇതാ ചാരുകസേല. അതിന്മേൽ സുഖമായിക്കിടക്കാം.

ശേ. നാ—(ചാരുകസേല നോക്കി നെററിചുളിച്ചിട്ടു്) എടീ മാലീ! കൂട്ടാൻ മത്സ്യം വേണമെന്നു പറഞ്ഞാൽ അതു അപ്പാടെ കൊണ്ടുവെച്ചാൽ പോര. അതു തിന്നേണമെങ്കിൽ മുറിച്ചു കഴുകിപ്പാകം ചെയ്യേണ്ടി വരും.

മാ—ശരി. സമ്മതിച്ചു.

ശേ. നാ—അതുപോലെ ഒരു ചാരുകസേല വേണം എന്നു പറഞ്ഞാൽ അതു കൊണ്ടുവന്നു ഒരേടത്തു വെച്ചാൽ പോര.

മാ—(ചൊടിയോടെ) മറെറന്താണു് വേണ്ടതു്? ഞാൻ അതിന്മേൽ കിടന്നു കാണിച്ചുതരേണമോ?

ശേ നാ—അത്രയൊന്നും വേണ്ട ചാരുകസേല ഉപയോഗിക്കേണമെങ്കിൽ അതിന്മേൽ ഒരു കിടക്ക വിരിച്ചു, കിടക്കമേൽ ഒരു കോസടി വിരിച്ചു, കോസടിമേൽ ഒരു കൌണ്ടർപ്പേയിൻ വിരിച്ചു, അതിന്മേൽ ഒന്നു രണ്ടു് വില്ലൂസ് തലയണയും വെക്കേണ്ടതല്ലയോ?

അമ്മാമന്റെ വെറിവാക്കുകൾ കേട്ട മാലതിയുടെ ക്ഷമ "നിർവ്വാണഭ്രയിഷ്ഠം" എന്ന നിലയിൽ ആയെങ്കിലും, അവൾ, അതു പുറമേ കാണിക്കാതെ, ചാരുകസേല ഏകദേശം അദ്ദേഹം പറഞ്ഞപ്രകാരം ഒരുക്കിവെച്ചുകൊടുത്തു. ശേഖരൻനായർ മെല്ലെ എഴുന്നേററു ചാരുകസേലമേൽ സുഖമായി കിടന്നു. സാമാനങ്ങൾ വെച്ച ചെറിയ വട്ടമേശ മാലതി, മാമന്റെ അടുക്കെ വെച്ചുകൊടുത്തു.

ശേ. നാ—(തളികനോക്കീട്ടു് വെറുപ്പോടെ) കരാമ്പില്ല-ഏലത്തരി ഇല്ല-കൊട്ടത്തേങ്ങാക്കഷണങ്ങൾ ഇല്ല-പയിങ്ങാച്ചീന്തുകൾ ഇല്ല. കളി അടക്കയില്ല അശോക അടക്ക ഇല്ല-ഇടിച്ച പുകയില്ല ഇല്ല. പർണ്ണങ്ങൾ സ്വർണ്ണവർണ്ണങ്ങളല്ല പിന്നെ എന്തു മണ്ണാങ്കട്ടയാണു് ഇതിൽ ഉള്ളതു്? ഇതു വളരെ അഴച്ചലിൽ ഇട്ട മുറുക്കായിപ്പോയി. എല്ലാം എടുത്തുകൊണ്ടുപോ. കണ്ട നായക്കോ നായാടിക്കോ ഇട്ടുകൊടുക്ക്.

തളികയും എടുത്തു അകത്തുപോയിട്ടു് "വെറിയൻവറീട്-പൊട്ടപ്പിശാച്-പാണ്ടൻതാടി" എന്നൊക്കെ മെല്ലെ ജപിച്ചു, മാലതി വീണ്ടും മന്ദഹാസത്തോടെ, ഏററവും വിനീതയായി മാമന്റെ അടുക്കെ വന്നുനിന്നു.

ശേ. നാ—മാലി! നീ നോക്ക്. എന്തെങ്കിലും ഒരു പ്രവൃത്തി ചെയ്യാൻ ഒരുമ്പെട്ടാൽ അതു സമ്പൂർണ്ണമായി നിറവേററണം. അഞ്ഞൂറ്വാരം അടക്കേണ്ടുന്ന ഒരു കുടിയാൻ മുന്നൂറ്മാത്രം അളക്കുമ്പോലെ ആകരുതു്. അതു ജന്മിക്കും കുടിയാനും ഒരുപോലെ മോശമാണ്.

മാ—എന്നെ നല്ലമാതിരി പഠിപ്പിക്കേണ്ടതു് നിങ്ങളാണ്.

ശേ. നാ—അങ്ങിനെ നീ പറയേണ്ടിവന്നതു നിൻെറ ഭർത്താവ് ഒന്നിനും കൊള്ളാത്തവൻ ആയിട്ടല്ലേ!

മാ—അയാൾ അങ്ങിനെ ആയിപ്പോയി.

ശേ. നാ—അങ്ങിനെയായിരിക്കുമ്പോൾ നീ എന്തിന്നു് അവനെ വിവാഹിച്ചു?

മാ—മരത്തോക്കിന്നു് മണ്ണുണ്ടമതി എന്നു് വിചാരിച്ചിട്ടു്.

ശേ. നാ—കുട്ടി! ഇനിയെങ്കിലും നല്ല പഠിപ്പ്പഠിക്ക.

മാ—നിങ്ങൾ പഠിപ്പിക്കുവിൻ. ഞാൻ ഇതാ തെയ്യാർ.

ശേ. നാ—അതവിടെ ഇരിക്കട്ടെ. നീ എന്താണ് എനിക്കിപ്പോൾ ഒരുക്കിവെച്ചതു് ?

മാ—നിങ്ങൾക്കു കളിപ്പാൻ, കുളക്കടവിൽ ഞാൻ എല്ലാ ഒരുക്കങ്ങളും ചെയ്തുവെച്ചിട്ടുണ്ടു്.

ശേ. നാ—അതുവ്വോ! എന്തൊക്കെയാണ് കേൾക്കട്ടെ.

മാ—എണ്ണ-സോപ്പു്-താളി-ചെറുപയർ-തോർത്തുമുണ്ടു്-മാററാൻ അലക്കിയ മല്ല്മുണ്ടു്-ഇടാൻ പുതിയബനിയൻ.

ശേ. നാ—നീ ആരോട്ടു് ചോദിച്ചിട്ടാണ് ഇങ്ങിനെ ചെയ്തതു്?

മം—നാം സംസാരിക്കുന്നതു് നാവോടു് ചോദിച്ചിട്ടാണോ?

ശേ നാ—അതുകൊണ്ടാണു് നാം അവതാളത്തിൽ ചെന്നു ചാടുന്നതു്.

മാ—ഇവിടെ താളം തെററിയതു് എങ്ങിനെ എന്നു് മനസ്സിലായില്ല.

ശേ. നാ—ഇഷ്ടത്തി! ഞാൻ പച്ചവെള്ളത്തിൽ കുളിക്കാത്തതു് ഇന്നേക്കു് ഇരുപത്തേഴ് കൊല്ലത്തിൽ അധികമായി എന്നു നീ അറിയുമോ?

മാ—ഞാൻ ജനിച്ചിട്ടു് പതിനേഴ് കൊല്ലംകൂടി തികഞ്ഞിട്ടില്ല.

ശേ. നാ—ആട്ടെ. ഞാൻ തേക്കുന്ന എണ്ണ ഏതാണെന്നു് നീ എങ്ങിനെ മനസ്സിലാക്കി?

മാ—എള്ളിൻെറ നെയ്യാണ് എല്ലാരും തേക്കുന്നതു്.

ശേ. നാ—എല്ലാരേപോലെ നീ എന്നേയും കണക്കാക്കിയോ?

മാ—ഞാൻ ആലോചിച്ചതു എല്ലാരേപ്പോലെയാണ്.

ശേ. നാ—ഞാൻ ആചരിക്കുന്നതു് എല്ലാരേപ്പോലെയാണോ? ഞാൻ സംസാരിക്കുന്നതു എല്ലാരേപ്പോലെയാണോ?

മാ—എന്നാൽ എണ്ണതേക്കുന്നതു എല്ലാരേപ്പോലെ ആയിരിക്കും എന്നു ഞാൻ വിചാരിച്ചു

ശേ. നാ—അതിലുംകൂടി എനിക്കു ഒരു വിശേഷവിധി ഉണ്ടു്. അതു നീ അറിയാഞ്ഞിട്ടാണു്. കേൾക്കു്. എൻെറ കാലിൻെറ മുട്ടിന്നു് താഴെ ഞാൻ തേക്കുന്നതു

കൊട്ടൻചുക്കാദിയാണ്. അരക്കതാഴെ കണങ്കാൽ വരെ തേക്കുന്നതു ഭൃംഗാമലകാദിയാണ്. കൈകൾക്കു തേക്കുന്നതു് കഞ്ഞുണ്ണ്യാദിയാണ്. ഉടലിൽ തേക്കുന്നതു ബലാശ്വഗന്ധാദിയാണ് കഴുത്തിന്നു് തേക്കുന്നതു പ്രഭഞ്ജനം തൈലമാണ്. മുഖത്തു തേക്കുന്നതു ആവൎത്തിച്ച ക്ഷീരബലയാണ്. ചെവികളിൽ പുരട്ടുന്നതു കൎപ്പൂരാദിയാണ്. തലക്കു തേക്കുന്നതു അസനവില്വാദിയാണ്. ഇതുകൂടാതെ ചെവിയിലും കണ്ണിലും മൂക്കിലും ഉററിക്കാൻ വേറെയും പല തൈലങ്ങളുണ്ടു്. ഈ വിവരമൊക്കെ നിണക്കുണ്ടോ.

മാ—അപ്പാ! എനിക്കു കേവലം ഇല്ല.

ശേ. നാ—പിന്നെ മെഴുക്കുപോക്കാൻ ഓരോ തൈലത്തിന്നും വെവ്വേറെ കോപ്പുകൾ വേണം. കടല, മുതിര, ചെറുപയർ, എരിപ്പ, ഉഴുന്ന്, നീരട്ടി ഇതൊക്കെ എപ്പോഴും അരച്ചുകൊണ്ടു വെക്കണം.

മാ—അതൊന്നും ഇവിടെപ്പതിവില്ല.

ശേ. നാ—എന്നെ ശുശ്രൂഷിക്കേണ്ടതു എൻെറ പതിവ് നോക്കീട്ടല്ലേ?

മാ—നിങ്ങളുടെ പതിവ് ഞങ്ങൾക്കു നിശ്ചയമില്ല. നോക്കിമനസ്സിലാക്കാൻ ഇടയും ഉണ്ടായില്ല.

ശേ. നാ—എന്തുകൊണ്ടു് ചോദിച്ചിട്ട് മനസ്സിലാക്കീട്ടില്ല.?

മാ—ചോദിക്കാതെ പറഞ്ഞുതരാൻ നിങ്ങൾ ഉണ്ടായിരിക്കകൊണ്ടു്.

ശേ. നാ—അപ്പോൾ അതും എൻെറ തെററ്!

മാ—എൻെറ തെററല്ല. തീൎച്ചയാണ്.

ശേ. നാ—നീ തെററ് ചെയ്യാത്തവളാണോ?

മാ—തെററു ചെയ്യണം എന്ന വിചാരം ഇല്ലാത്തവളാണ്

ശേ. നാ—വിചാരമല്ല. കൎമ്മമാണ് കാൎയ്യം.

മാ—വിചാരം ഇല്ലെങ്കിൽ കൎമ്മവും ഉണ്ടാകയില്ല.

ശേ. നാ—നീ, അടിച്ച വടിയിൽ മുറയേണ്ട.

മാ—ഞാൻ, അടിക്കാൻ ഓങ്ങിയ വടിയിൽനിന്നു ഒഴിഞ്ഞു നില്ക്കുകയേ ചെയ്യുന്നുള്ളു.

ശേ. നാ—അപ്പാ! നീ വലുതായാൽ കുറെ കളികളിക്കും.

മാ—ഇപ്പോഴും ഞാൻ കുട്ടിയല്ല.

ശേ. നാ—നീ കിഴവിയുമല്ല.

മാ—കളിയെല്ലാം ഞാൻ കുട്ടിക്കാലത്തു കളിച്ചുകഴിഞ്ഞു.

ശേ. നാ—എന്നാൽ വലുതായാൽ എന്തുചെയ്യാനാണ് ഭാവം?

മാ—കുറെ അധികം കുട്ടികളെ പ്രസവിക്കണം എന്ന മോഹം ഉണ്ടു്.

ശേ. നാ—എത്രകൊണ്ടു് തൃപ്തിപ്പെടും?

മാ—ഒരു പത്തുപതിനഞ്ചു ധാരാളം മതി.

ശേ. നാ—ഏതായാലും വളരെ വലിയ തുകക്കും ആശിച്ചിട്ടില്ല

മാ—പന്നിയുടെ തോതു മനുഷ്യൎക്കും എടുത്തുകൂടാ.

ശേ. നാ—നിൻെറ നാവ് വളരെ നീണ്ടുപോകുന്നു.

മാ—അതു മുറിച്ചുകളവാൻ ഞാൻ വിചാരിയ്ക്കുന്നില്ല.

ശേ. നാ—ആ നീളം നിൻെറ മുടിക്കായിരുന്നു വേണ്ടതു്.

മാ—മുടിച്ചി ആവാൻ എനിക്കു കേവലം ഇഷ്ടമില്ല.

KAKA GRANDHASALA Reg. No. ... VENGANOOR

ശേ. നാ—നിന്നെ മാധവൻ പൊറുപ്പിക്കുന്നതാണ് ആശ്ചര്യം.

മാ—നിങ്ങൾക്കു ഇവിടെ വരാൻ തോന്നിയതാണ് ആശ്ചര്യം

ശേ. നാ—വന്നതു തെററിപ്പോയോ?

മാ—അങ്ങിനെ നിങ്ങൾക്കു തോന്നാഞ്ഞാൽ മതി.

ശേ. നാ—നിണക്കു സകലത്തിന്നും ഒരു സമാധാനം ഉണ്ടു്.

മാ—മനസ്സിന്നു് പ്രത്യേകിച്ചും ഉണ്ടു്.

ശേ. നാ—നീ ഒരു മിടുമിടുക്കിയാണ്.

മാ—ഞാൻ ആരുടെയും സൎട്ടിഫിക്കററ് കാംക്ഷിക്കുന്നില്ല.

ശേ. നാ—ഞാൻ നിണക്കു എന്താണ് വേണ്ടതു്?

മാ—നിങ്ങൾക്കു വേണ്ടതു എന്താണെന്നു് പറഞ്ഞുതരിക മാത്രം മതി.

ശേ. നാ—ശരി, വേണ്ടുമ്പോൾ പറയാം.

മാ—നല്ലതു്. നാരായണജയ!

*   *   *   *

അന്നുരാത്രി ശയനമുറിയിൽവെച്ചു മാലതീമാധവന്മാർ തമ്മിൽ ഇങ്ങിനെ ഒരു ഗൂഢസംഭാഷണം നടന്നു

മാലതി—ഞാൻ കാരണവരെക്കൊണ്ടു് മടുത്തു. എത്ര ശുശ്രൂഷിച്ചാലും കുററമേ കാണാനും പറവാനും ഉള്ളു. എവിടുന്നു വന്നു ഈ—

മാ. നാ—ഛീ! മിണ്ടരുതേ. എല്ലാററിന്നും ക്ഷമവേണം.

മാലതി—ക്ഷമ! എനിക്കു കേൾക്കേണ്ട. കാരണവരുടെ നാവ് പട്ടിയുടെ വാല്പോലെ സദാ ഇളകിക്കൊണ്ടിരിക്കും. മേലാൽ അയാളുടെ മുമ്പിൽ ഞാൻ പോകു

കയേ ഇല്ല. ആ ഫലണ്ടാകണ്ണനെ എനിക്ക് കാണാൻ വയ്യ.

മാ. നാ—ഇതാ, നീ സാഹസംകൊണ്ട് മുപ്പതുലക്ഷം പോകരുതേ.

മാലതി—എത്രലക്ഷം പോയാലെന്താ? ആ വജ്രദംഷ്ട്രൻ ഇവിടുന്നു കടന്നുപോയാൽ മതി. ആ ദുർവ്വാസാവിന്റെ താടിക്കു "ഗാസലൈൻ" പകൎന്നു തീക്കൊളുത്തിവിടുകയാണ് വേണ്ടതു്.

മാ. നാ—മാലതീ! നീ ഇങ്ങിനെ ഗുരുത്വമില്ലാതായ്പോയയോ?

മാലതി—എനിക്കു നൂറു് പട്ടികളേയോ നൂറു് പോക്കുകളേയോ തീററികൊടുത്തു പോററുവാൻ ഒരു പ്രയാസമില്ല ഒരു വിരോധവുമില്ല ഈ "ഹിപ്പപ്പട്ടേമസ്സിന്റെ" അടുക്കെച്ചെല്ലുവാൻ "ശിരസി മാലിഖ മാലിഖ മാലിഖ" എന്നുതന്നെ ഞാൻ പറയും. ഒരു മാനമുള്ള സ്ത്രീ ഒരു നിമിഷനേരം ആ ചീങ്കണ്ണിയുടെ അടുക്കെ നില്ക്കുമെന്നു തോന്നുന്നില്ല.

മാ. നാ—മാനമില്ലാത്ത * ധനം വരുന്ന കാര്യത്തിൽ മാനമുള്ളവർ അസാരം മാനം * ഉപേക്ഷിച്ചുകൂടയോ?

മാലതി—പണത്തിന്നുവേണ്ടി മാനം ഞാൻ കളകയില്ല.

മാ. നാ—"മാനംകെട്ടും പണംകൊണ്ടാൽ
മാനക്കേടപ്പണംതീക്കും" എന്നു കേട്ടിട്ടില്ലേ?

---

* മാനം=അളവ്.

* മാനം=കോപം.

മാലതി—വേണമെങ്കിൽ നിങ്ങൾ വേണ്ടതു ചെയ്തുകൊൾക. ഭഗവാനാണെ, എന്നെ അതിനൊന്നും കിട്ടുകയില്ല. വെള്ളി ഉണ്ടെന്നും വെച്ചിട്ട് ഈ ശനിയെ ആദരിപ്പാൻ ഞാൻ ആളല്ല.

മാ. നാ—നിൻെറ നാവിൽ സരസ്വതി വിളയാടിയപോലെ എൻെറ കയ്യിൽ മഹാലക്ഷ്മിയും വിളയാടട്ടെ!

## മൂന്ന്

കാരണവരുടെ ശല്യംകൊണ്ടു് മാധവൻനായരുടെ ക്ഷമയും, ഉഷ്ണകാലത്തു കുണ്ടുകുളത്തിലെ വെള്ളം എന്ന പോലെ കേവലം വററിപ്പോയി. ഒരിക്കൽ വാങ്ങാൻ പറഞ്ഞതു പല ശീലകളും ഷോളുകളും വിരിപ്പുകളും മററുമായിരുന്നു. പിന്നെ ഒരിക്കൽ പലമാതിരി പിഞ്ഞാണങ്ങളും ഗ്ലാസുകളും കത്തികളും ഫോർക്കുകളും (Fork) വാങ്ങി. മറെറാരിക്കൽ ദന്തചൂർണ്ണം (Tooth Paste), ബ്രഷ്, മൂക്കിൽ തുളകഴുകാനുള്ള യന്ത്രം (Glass Nasal Douchar) കേശരഞ്ജൻ, സെൻസൻ മുതലായതു വാങ്ങി. പിന്നെ ഒരിക്കൽ തകരസ്സാമാനങ്ങൾ (Tin Goods)—മധുരദ്രവ്യങ്ങൾ തുടങ്ങി മത്സ്യമാംസാദിവരെ ഉള്ളവ—ഒട്ടുക്കും വാങ്ങി. മാധവൻനായരുടെ ഭവനം ഒരു സ്ട്രോർപോലെ ആയി. എല്ലാററിലും ബുദ്ധിമുട്ട് കാരണവർ ബേങ്കിലിട്ട പണം സ്ഥലംമാററി മദ്രാസിലെ ബേങ്കിൽ എത്താൻ താമസം നേരിട്ടതുകൊണ്ടാണ്. മിക്കസമയത്തും മാധവൻനായർ സ്വന്തം പണംകൊണ്ടും കടംപറഞ്ഞിട്ടുമാണ് കാര

ണവരുടെ ഷാപ്പ്കണക്കുകൾ നിവൎത്തിച്ചുപോരുന്നതു്. ഇതൊക്കെ ആയിട്ടും കേവലം പൊറുത്തുകൂടാത്തതു് സകലത്തിന്നും കുററംപറയുന്ന കാരണവരുടെ സ്വഭാവമാണ്. ഒരു രാവ്കഴിഞ്ഞാൽ ഒരു പകൽ വരാതിരിക്കില്ല എന്ന വിശ്വാസം മാധവൻനായരുടെ സഹനശക്തി സജീവമാക്കി. ഉറക്കം ഞെട്ടിയ ഉടനെ കഴിക്കുന്ന ചായ (Bed Tea) കഴിഞ്ഞാൽ, കാരണവരുടെ പ്രഭാതകത്തലടക്കത്തിന്നു്, റൊട്ടി, പഴം, വെണ്ണ, മുട്ട, കാപ്പി, ബേക്കൺ, ഹേം, ചീസ്സ്, ജാം മുതലായ പല ടിൻസാമാനങ്ങളും ഒരുക്കേണ്ടിവരും. കാരണവൎക്കു തൻെറ ദേഹത്തിൻെറ നീളത്തിന്നും വീതിക്കും അനുസരിച്ച പള്ളയും, പള്ളക്കനുസരിച്ച വിശപ്പും എപ്പോഴും ഉണ്ടു്. ഗണപതിക്കു വെള്ളുകൊട്ടുത്തോ എന്ന ചോദിച്ചിട്ടാണ് മാലതി തൻെറ ഭൎത്താവിനെ പരിഹസിക്കുന്നതു്.

ഒടുവിലത്തെ ദിവസം, മാധവൻനായരെ ഏല്പിച്ചതു പലമാതിരി സ്റ്റേഷ്യനറി (കടലാസ്-പെൻസിൽ-മഷി മുതലായതു്) സാമാനങ്ങൾ മേടിപ്പാനായിരുന്നു. കല്പനപ്രകാരം അദ്ദേഹം അതൊക്കെ മേടിച്ചു, വീട്ടിൽ ഒരേടത്തു നിരത്തിവെച്ചിരുന്നു. അപ്പോൾ കാരണവർ, കവിതകൾ കിറഞ്ഞു വായിക്കുന്നാ ഒരു നിൎദ്ദയവിമൎശകനെപോലെ സാമാനങ്ങൾ ഒരു പരിശോധന നടത്തി. ഓരോ സാധനം നോക്കിയും എടുത്തും ഓരോ അഭിപ്രായം പാസാക്കിക്കൊണ്ടിരുന്നു. പിന്നെ എന്തോ ഒന്നു് ഓൎമ്മവന്നപോലെ:—

കാരണവർ—എടോ മധു! നീ കൊതുവല മേടിച്ചില്ലേ!

മാ. നാ—ഇല്ല.

കാരണവർ—എന്തുകൊണ്ടു്?

മാ. നാ—അതു നിങ്ങൾ തന്ന പട്ടികയിൽ പെട്ടിട്ടില്ല.

കാരണവർ—എടോ! അതു നിന്റെ തലമണ്ടയിലെങ്കിലും പെടണ്ടേ! ഇന്നലെരാത്രി കൊതുവിന്റെ കടികൊണ്ടു് ഞാൻ ഉറങ്ങീട്ടില്ല. എനിക്കു നഷ്ടം വന്ന ചോര നികത്താൻ എത്രദിവസം സൂപ്പ് കുടിക്കേണ്ടിവരും! അത്യാവശ്യം വേണ്ടതു കൊതുവല അല്ലായിരുന്നോ? അതുമാത്രം വാങ്ങീട്ടില്ലപോലും!

മാ. നാ—അതു വാങ്ങാൻ പ്രയാസമില്ല.

കാരണവർ—എന്നിട്ടെന്താ! പ്രയാസമില്ലാത്ത കാര്യത്തിലും നീ ഉപേക്ഷ കാണിച്ചല്ലോ.

മാ. നാ—കൊതുവലയുടെ പിതാവ് ഇവിടെ ഇല്ലാത്തതുകൊണ്ടു് ആ കാര്യം അത്ര ഓർമ്മവെക്കാൻ ഇട ഉണ്ടായില്ല

കാരണവർ—മൂന്നു് മണിക്കൂറായി പോയിട്ടു്. എന്നിട്ടും ഇട ഉണ്ടായില്ലപോലും.

മാ. നാ—എന്തുചെയ്യട്ടെ? അതു വാങ്ങാൻ വിട്ടുപോയി.

കാരണവർ—അതുവ്വോ! വേറെ എന്തൊക്കെ വാങ്ങാൻ വിട്ടുപോയിട്ടുണ്ടെന്നു നല്ലവണ്ണം നോക്കിയാലേ അറിഞ്ഞുകൂടു.

ഇങ്ങിനെ പറഞ്ഞു കാർണവർ ഓരോ സാധനം കുനിഞ്ഞും കയ്യിലെടുത്തും പരിശോധിപ്പാൻ തുടങ്ങി.

വഷാരംഭത്തിലെ "പോക്കാൻ തവളയെപോലെ ചിലയ്ക്കുന്ന തെന്തിനാണ് പോലും" എന്നു മാധവൻനായർ മനസ്സിലും വിചാരിച്ചു.

SMARAKA GRANDHASALA 3273

കാരണവർ—മാംസം തറിക്കുന്ന ഇരിമ്പ് യന്ത്രം വാങ്ങിയോ?

മാ. നാ—അതു ഷാപ്പിൽ ഇല്ല.

കാരണവർ—എന്തു ഉലക്കയും വെച്ചിട്ടാണെടോ ഇവിടത്തെ കച്ചവടക്കാർ വില്പാൻ ഇരിക്കുന്നതു്? ഒന്നിനും കൊള്ളാത്ത അസത്തുക്കൾ. വാങ്ങാൻ ചെല്ലുന്നവരും വില്ക്കാൻ ഇരിക്കുന്നവരും ഒരു വണ്ടിക്കു കെട്ടുണ്ടുന്ന കാളകളാണെന്നു തോന്നും. ശുദ്ധമൃഗങ്ങൾ!

മാ. നാ—സിങ്കപ്പൂരും മററും യൂറോപ്യന്മാർ ഇരിക്കുന്ന ദിക്കാണ്. ഇവിടത്തുകാരൊന്നും ഈ മാതിരി യന്ത്രങ്ങൾ ഉപയോഗിക്കാറില്ല.

കാരണവർ—എടോ! ഞാൻ ഇവിടത്തുകാരനല്ലേ? ഞാൻ ചന്ദ്രനിൽനിന്നോ കുജനിൽനിന്നോ വന്നവനാണോ?

മാ. നാ—നിങ്ങൾ യൂറോപ്യന്മാരുടെ ഇടയിൽനിന്നു് വന്നവരല്ലേ?

കാരണവർ—എടോ വങ്കാ! നേരെമറിച്ചു, യൂറോപ്യന്മാർ നമ്മുടെ ഇടയിൽ വന്നുകൂടിയവരല്ലേ? നമ്മളെ ആശ്രയിച്ചു കഴിയുന്നവരല്ലേ!

മാ. നാ—നമ്മളെ അടിമകളാക്കിക്കഴിയുന്നവരാണ്. നമ്മുടെ രാജ്യം പിടിച്ചടക്കിയവരാണ്.

കാരണവർ—എടോ! ഒരു കാര്യവും നിണക്കു നേരാംവിധത്തിൽ നോക്കുവാൻ വയ്യില്ലേ! ഇടങ്കണ്ണിട്ടു് നോക്കുന്നതെന്തിനാണ്?

മാ. നാ—ഇടങ്കണ്ണിട്ടുന്നതു സ്ത്രീകളാണ്.

കാരണവർ—എന്നാൽ കോങ്കണ്ണിട്ട് എന്തിന് നോക്കുന്നു?

മാ. നാ—കോങ്കണ്ണ് ഒരു അംഗഭംഗമാണ്.

കാരണവർ—ഇവനെക്കൊണ്ടു ഞാൻ തോററു. എടോ മടയാ! നീ സംസ്കൃതം പഠിക്കാൻവേണ്ടി ഒരു ശാസ്ത്രിയെ മാസ്പടിക്കു നിശ്ചയിച്ചാൽ അയാറം നിൻെറ മാഷ്ടരാണെങ്കിലും കൂടി, നിൻെറ മാസ്പടിക്കാരനല്ലെന്നു വരുമോ?

മാ. നാ—അതില്ല.

കാരണവർ—അതേപ്രകാരം നാട്ട് ഭരിപ്പാൻ ആസ്യ (Asia) ക്കാക്ക് അറിഞ്ഞുകൂട. ആ വിദ്യ നമ്മെ പഠിപ്പിക്കാൻവേണ്ടി, നമ്മുടെ രാജ്യംഭരിപ്പാൻ നമ്മറം അവക്ക് വിട്ടുകൊടുത്തതാണ്. പഠിപ്പ് കഴിഞ്ഞ ഉടനെ നമ്മറംക്കു അവരോട് പൊയ്ക്കോളാൻ പറയാമല്ലൊ.

മാ. നാ—പറയുമ്പോറം പോകുന്നവരോ എന്ന് ആർ കണ്ടു?

കാരണവർ—നാട്ടുകാരൊക്കെ നിന്നേപ്പോലെ ചുണയില്ലാത്തവർ ആണെങ്കിൽ അവർ ഇവിടെ സ്ഥിരക്കാരായിത്തീരാനും മതി.

മാ. നാ—അങ്ങിനെ ആണെങ്കിൽ നിങ്ങളെപ്പോലെയുള്ളവർ ഇവിടെ ഉണ്ടായതു ആസ്യക്കാരുടെ നല്ലകാലമാണ്.

കാരണവർ—എന്നേപ്പോലെ നിണക്കും ആകരുതോ? എന്നെ നിങ്ങറംക്കു ഒരു മാതൃക ആക്കരുതോ?

മാ. നാ—അതു പറയുമ്പോലെ ക്ഷിപ്രസാദ്ധ്യമല്ല.

കാരണവർ—എന്തുകൊണ്ടു്?

മാ. നാ—ബകം ഹംസമാകുന്നതു പ്രയാസമാണ്.

കാരണവർ—നിങ്ങൾക്കൊക്കെ പുരുഷത്വം കുറഞ്ഞുവരികയാണ് ചെയ്യുന്നതു്. നിങ്ങൾ ഒന്നിനും കൊള്ളാത്തവരാണ്.

മാ. നാ—നിങ്ങൾക്ക് സ്റ്റേഷനറി മുതലായതു മേടിച്ചുകൊണ്ടുവരാനെങ്കിലും ഞാൻ കൊള്ളുന്നവനായില്ലേ?

കാരണവർ—ആ ക്രിയയുംകൂടി നീ നല്ലവണ്ണം നടത്തീട്ടില്ല.

മാ. നാ—ഏതുപ്രകാരത്തിൽ?

കാരണവർ—പുരുഷത്വമില്ലാഞ്ഞിട്ടു്.

മാ. നാ—എന്നുവെച്ചാൽ—?

കാരണവർ—ശൃംഗാരമില്ലാഞ്ഞിട്ടു്.

മാ നാ—സ്റ്റേഷനറി മേടിക്കാൻ ശൃംഗാരമെന്തിനാണ്?

കാരണവർ—ഏതു കാര്യത്തിലാണ് ശൃംഗാരം വേണ്ടാത്തതു്.

മാ. നാ—നിങ്ങൾ ഉദ്ദേശിക്കുന്ന ശൃംഗാരം എന്താണ്?

കാരണവർ—പുരുഷന്മാൎക്കു ശൃംഗാരം എന്നുവെച്ചാൽ സ്ത്രീകളുടെ കാഴ്ച മാത്രയിൽ ജനിക്കുന്ന കാമഭ്രമമാണ്. അങ്ങിനെ ഒന്നു് ഇല്ലെങ്കിൽ ലോകമില്ല. സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ഇല്ല. എന്തുകൊണ്ടെന്നാൽ സന്തതി ഉല്പാദിപ്പിക്കുകയാണ് ഏകൈകജീവിതോദ്ദേശം. അതിന്നു് സ്ത്രീപുരുഷന്മാരുടെ ചേൎച്ച വേണം. അതു അശ്ലീലമാണെന്നു പറഞ്ഞു നിന്ദിക്കുന്നവരേയും, നിന്ദിക്കേണം എന്നു് ഉപദേശിക്കുന്നവരേയും നിൎദ്ദ

യമർദ്ദനംകൊണ്ട് പിടപ്പിച്ചുവിടേണ്ടതാണ്. എന്തു കാര്യം ചെയ്യുമ്പോളും പുരുഷന്മാർ ഒരു മാതൃകാ സുന്ദരിയുടെ രൂപം മനസ്സിൽ ഉണ്ടായിരിക്കേണം. എന്നാൽ സകലകർമ്മങ്ങളും സാധാരണയിലും രമ്യമായി നടത്താവുന്നതാണ്.

മാ. നാ—ഞാൻ നിങ്ങൾക്കു സ്റ്റേഷനറി മേടിച്ചുകൊണ്ടു വന്നു. അതിന്നു എന്തിനാണ് ശൃംഗാരം?

കാരണവർ—ശൃംഗാരം ഉണ്ടായിരുന്നു എങ്കിൽ നീ ഇതിലും നല്ല സാധനങ്ങൾ മേടിക്കുമായിരുന്നു.

മാ. നാ—എങ്ങിനെ എന്ന് എനിക്കു മനസ്സിലാകുന്നില്ല.

കാരണവർ—മനസ്സിലാക്കിത്തരാം. നീ നോക്കു. ഈ ചുകന്നമഷി എന്തിന്നുകൊള്ളും? നിണക്കു ഒരു സുന്ദരിയുടെ ശോണാധരം മനസ്സിൽ ഉണ്ടായിരുന്നു എങ്കിൽ, നീ ഇതിലും നല്ല ചുകപ്പ് കണ്ടുപിടിക്കുമായിരുന്നു. ഈ ആനക്കൊമ്പിൻെറ കടലാസ് മുറിയനെ (Paper Cutter) നോക്കു. അസാരം ഒരു മഞ്ഞച്ഛായ ഉണ്ടെന്നു തോന്നുന്നില്ലേ! നിണക്കു ഒരു സുന്ദരിയുടെ ദന്താളി മനസ്സിൽ ഉണ്ടായിരുന്നു എങ്കിൽ നീ ഇതിലും നല്ല ശുദ്ധവെള്ള മേടിക്കുമായിരുന്നു.

മാ. നാ—ഇതൊക്കെ ഒരു പുതിയ വിദ്യ ആയിട്ടാണ് എനിക്കു തോന്നുന്നതു്.

കാരണവർ—വിദ്യ വളരെ പഴയതാണ്. നീ ഇപ്പോൾ മാത്രം കേൾക്കുന്നതുകൊണ്ടു് നിണക്കു പുതുമ തോന്നുന്നതാണ്.

മാ. നാ—ഇനിയും വല്ല പിഴയും എൻെറ വക്കലുണ്ടോ?

കാരണവർ—മഠറാ! ഈ കടലാസ്, സി: എൽ: ഡബ്ലൃ: (Cream Laid White) ആണ്പോലും! ഇതിന്നു മിനുസം വേണ്ടപോലെ ഉണ്ടോ? മാംസളയായ ഒരു യുവതിയുടെ ഗണ്ഡത്തിൻെറ മിനുസം നിണക്കു ഓൎമ്മ ഉണ്ടായിരുന്നു എങ്കിൽ, ഈ കടലാസ് മിനുസം പോരാന്നു് നിണക്കു നിശ്ചയമായിട്ടും തോന്നേണ്ടതാണ്. അങ്ങിനെ തോന്നിയാൽ, ഈ കടലാസ് വെറും മണൽക്കടലാസ്പോലെ നിണക്കു തോന്നിപ്പോകുമായിരുന്നു.

മാ. നാ—അങ്ങിനെ തോന്നുന്നതല്ലെ തെററു്?

കാരണവർ—നിണക്കു വാക്കിൻെറ മൎമ്മം മനസ്സിലാകാത്തതാണു് തെററു്.

മാ. നാ—നിങ്ങളുടെ വാക്കു കേൾക്കുമ്പോൾ ഞാൻ ഒരു വലിയ കുററക്കാരനാണെന്നു് തോന്നിപ്പോകുന്നു.

കാരണവർ—എന്താ തോന്നാണ്ടു്! ഒരു സുന്ദരിയുടെ കരിന്നീലക്കണ്ണു് ഓൎമ്മ ഉണ്ടായിരുന്നു എങ്കിൽ നീ ഈ ഒന്നിനുംകൊള്ളാത്ത "Blue Black" മഷി വാങ്ങുമായിരുന്നോ?

മാ. നാ—ഞാനും നിങ്ങളുടെ മുമ്പാകെ നില്പാൻ കൊള്ളാത്തവനായിപ്പോയി.

കാരണവർ—അങ്ങിനെ തോന്നുന്നതു നിൻെറ പഠിപ്പിൻെറ ദോഷമാണ്. കുട്ടികളെ ഒന്നാമതു പഠിപ്പിക്കേണ്ടതു ലൈംഗികശാസ്ത്രമാണ്. അതിന്നുപകരം ഗംഗാനദിയുടെ നീളം, വിന്ധ്യൻെറ ഉയരം, സിന്ധുവിൻെറ

കഴം, കൊറിയയിലെ ശീതോഷ്ണസ്ഥിതി, നാല് വൎണ്ണങ്ങ ളുടെ യാഥാൎത്ഥ്യം, ബ്രാഹ്മണമാഹാത്മ്യം- എന്നിങ്ങി നെ ഭാവിജീവിതത്തിന്ന് ഉപകാരമില്ലാത്ത പല അവാ സ്തവാഭാസങ്ങളാണ് പഠിപ്പിച്ചുവിടുന്നത്.

മാ. നാ—അതിൽ ചിലതെങ്കിലും അറിവു തരുന്നതല്ലേ!

കാരണവർ—വേണ്ടാത്ത അറിവ്! പ്രയോജനമില്ലാത്ത ജ്ഞാനം! ഇവിടുന്ന എറണാകുളത്തേക്കു എത്രനാഴിക ദൂരമുണ്ടെന്നു നിന്നോടു ചോദിച്ചാൽ "എനിക്കു നല്ല നിശ്ചയമില്ലെ"ന്ന് നീ പറയും. എന്നാൽ ഭൂമിക്കു ഏറ്റവും അടുത്ത നക്ഷത്രം എത്ര നാഴിക ദൂരെയാ ണെന്ന് ചോദിച്ചാൽ നീ കൃത്യമായിപ്പറയുകയും ചെയ്യും. ഇതാണ് നിന്റെ അറിവ്!

മാ. നാ—അതൊക്കെ മനോവികാസം ഉണ്ടാക്കുന്ന അറ വല്ലേ!

കാരണവർ—ആ അറിവല്ല നിണക്ക് അത്യാവശ്യം വേ ണ്ടതു. !ഒരു ഗതിയുമില്ലാത്ത നഗ്നൻ, പട്ടിന്റേയും വില്ലൂസിന്റേയും മഹിമയും വിലയും മനസ്സിലാക്കി ഞെളിയുന്നതിനേക്കാൾ, തന്റെ നഗ്നത മറയ്ക്കാൻ ഒരു തോൎത്തുമുണ്ട് കിട്ടാനുള്ള മാൎഗ്ഗം ആലോചിച്ചു കണ്ടുപിടിക്കുന്നതാണ് നല്ലതു്.

മാ. നാ—എന്നാൽ ഞാൻ ഇപ്പോൾ എന്താണ് ചെയ്യേ ണ്ടതു്?

കാരണവർ—നീ ഒരു മുക്കിൽ പോയിരുന്നു രാമരാമാന്ന് ജപിക്കു.

മാ നാ—കൃഷ്ണ. കൃഷ്ണ എന്നായാൽ പോരേ?

കാരണവർ—അതുച്ചരിക്കാൻ പ്രയാസമാണ്.

മാ. നാ—നമശ്ശിവായ എന്നായാലോ?

കാരണവർ—അതിൽ അക്ഷരങ്ങൾ ജാസ്തി ഉണ്ട്.

മാ. നാ—ജപിക്കേണ്ട എന്നുവെച്ചാലോ?

കാരണവർ—ഇരിക്കേണ്ട എന്നും വെച്ചോളൂ.

മാ. നാ—രാമ! രാമ! എന്നു വിളിച്ചാൽ ദൈവം വരുമോ?

കാരണവർ—എന്നാൽ മാലി-മാലി-എന്നു നിൻെറ ഭാര്യയെ വിളിച്ചോളൂ.

മാ. നാ—വിളിച്ചാൽ വന്നില്ലെങ്കിലോ?

കാരണവർ—അവളെ ഒഴിച്ചുകളയൂ!

മാ. നാ—ഒഴിച്ചാലും പോയില്ലെങ്കിലോ?

കാരണവർ—നീ ഒഴിഞ്ഞുകളയൂ.

മാ. നാ—അതിനും വയ്യാഞ്ഞാലോ?

കാരണവർ—വയ്യുന്ന വല്ലതും ചെയ്തോളൂ.

*   *   *   *

അന്നുരാത്രിയും മാധവൻനായരും മാലതിഅമ്മയും തമ്മിൽ ഇങ്ങിനെ ഒരു സംഭാഷണം നടന്നു.

മാ. നാ—അപ്പാ! കാരണവരെക്കൊണ്ടു് ഞാൻനന്നകുഴങ്ങി.

മാലതി—കുഴങ്ങുന്നതു അയാളെ വിഴുങ്ങാൻ വേണ്ടിയല്ലേ!

മാ. നാ—അവരെ ഞാൻ ക്ഷണിച്ചുവരുത്തിയതല്ലല്ലൊ.

മാലതി—കരിമ്പന ക്ഷണിച്ചിട്ടാണോ, തൻെറതടി, വേട്ടകൾകൊണ്ടു് ചുറഞ്ഞുമൂടുന്ന, അരയാൽ അതിന്മേൽ വന്നുക്രൂടുന്നതു്.?

മാ. നാ—ഞാൻ കടൽത്തൊങ്ങനെ കഴുത്തിലേററിയ സിമ്പാദിനെപ്പോലെ ആയി, എന്നാണോ നീ പറയുന്നതു്.?

മാലതി—അങ്ങിനെയും ഞാൻ പറയുന്നില്ല.

മാ. നാ—എന്തുകൊണ്ടു്.?

മാലതി—നിങ്ങൾക്കു സിമ്പാദ് ചെയ്തപോലെ കാരണവരെ തള്ളിയിടാനുംകൂടി സാധിക്കുകയില്ല.

മാ. നാ—തള്ളിയിടുകയൊന്നും വേണ്ട. മയ്യാദക്കു പൊക്കോളും.

മാലതി—മര്യാദ ഉണ്ടായിട്ടു് വേണ്ടേ മര്യാദക്കു പോവാൻ?

മാ. നാ—നീ ഒട്ടും വിഷാദിക്കേണ്ട. അവക്കു പണം വരേണ്ടുന്ന താമസമേ ഉള്ളു. അതു വന്ന ഉടനെ അവർ പോകുമെന്നാണ് കാര്യസ്ഥൻ പറഞ്ഞതു്.

മാലതി—സദാ ചീററിക്കൊണ്ടിരിക്കുന്ന ഈ മൂർഖപ്പാമ്പു് ഇവിടുന്നു ഇഴഞ്ഞുകളിക്കുന്നതുകൊണ്ടു്, ഓരോ ആണ്ടു് പോലെയാണ് ഞാൻ കഴിച്ചുകൂട്ടുന്നതു്.

മാ. നാ—ആണ്ടുപോലെയല്ല. ആണ്ടുപോയപോലെ. നിന്നെക്കാണാത്ത വിധത്തിൽ എന്നു പറയൂ.

മാലതി—നിങ്ങൾക്കും കുറേ പണം ചിലവായല്ലൊ?

മാ. നാ—കൊഞ്ചനെ*ക്കൊളുത്തി കൊളോനെ * പിടിക്കാൻ എല്ലാക്കും സാധിക്കയില്ല?

---

* കൊഞ്ചൻ=ചെറിയ ചെമ്മീൻ.

* കൊളോൻ=ഒരുജാതി വലിയ മത്സ്യം.

മാലതി—കൊഞ്ചനാരാ, കൊള്ളോനാരാ, എന്ന സംശയമേ ഉള്ളൂ.

മാ. നാ—നിണക്ക എല്ലാററിന്നും സംശയമാണ്. കുറെ ക്ഷമിച്ചാൽ മതി.

മാലതി—എന്തിന്ന്? പണം മുറത്തിൽ കോരികൊണ്ടു വരാമോ.?

മാ. നാ—ഇഷ്ടത്തി! മുപ്പതുലക്ഷം മുറത്തിലൊന്നും കൊള്ളുകയില്ല.

മാലതി—അതു ഒന്നാമതു കിട്ടട്ടെ. അളക്കുന്ന കാര്യം എന്നിട്ട് പറയാം.

മാ നാ—നാളേ നേരം പുലരും എന്ന ഉറപ്പ് നിണക്കില്ലേ!

മാലതി—ഉണ്ടു്.

മാ. നാ—പണം കിട്ടുന്ന കാര്യവും അത്രത്തോളം ഉറപ്പാണ്.

മാലതി—അതു വല്ലാത്ത വിശ്വാസമായിപ്പോയി.

മാ. നാ—മററ് ഞാൻ ഈ കഷ്ടപ്പാടുകൾ ഒക്കെ കണ്ണും ചിമ്മി സഹിക്കുമെന്നു നീ വിചാരിച്ചോ?

മാലതി—നിങ്ങൾക്ക നല്ലകാലം വരട്ടെ.

# നാല്

ഭാരമേറിയ ഒരു വണ്ടി; കൂടക്കൂടെ താഡനവഷ്വും സഹിച്ച പ്രയാസപ്പെട്ടു വലിച്ചു നടക്കുന്ന ഒരു കാളയെ പോലെ മാധവൻനായർ പിന്നേയും നാലഞ്ചുദിവസം കഴിച്ചുകൂട്ടി. അപ്പഴാണ് ശിവരാമൻബേങ്കിൽ, കാരണ വരുടെ പേരിൽ ഇരുപതിനായിരം ഉറുപ്പിക മതിരാശി യിലെ ഒരു ബേങ്കിൽനിന്നു് എത്തീട്ടുണ്ടെന്ന സന്തോഷ വത്തമാനം, കാര്യസ്ഥൻ, മാധവൻനായരോട്ട് പറഞ്ഞതു. വെയിൽകൊണ്ടു വാടുമ്പോഠം തടത്തിൽ തണുത്ത വെള്ളം ധാരാളം വീണ ഒരു ചെടിപോലെ മാധവൻനായർ പ്ര സാദംകൊണ്ടു് ഉണന്നു്, ഉന്മേഷപ്പുളപ്പുകൊണ്ടു് പെട്ടെ ന്നചെന്നു, തൻെറ ഭാര്യയെ കെട്ടിപ്പിടിച്ചു ചുംബിച്ചാ ലോ എന്നുകൂടി അയാഠംക്കു തോന്നി. ഇതുവരെ വെറി യനായും, പന്നഗമായും, പിശാചായും വിചാരിക്കപ്പെട്ട കാരണവർ, ഒരു ഞൊടിയിടയിൽ സുമുഖനും സുശീലനും, സുഭദ്രനും സുമതിയും ആയി വേഷാന്തരപ്പെട്ടു. ശിവ രാമൻ ബേങ്കിലേക്കാണെന്നും പറഞ്ഞു, അയ്യായിരം ഉറു പ്പികയുടെ ഒരു ചെക്കു്മാറാൻ, കാരണവർ അപ്പോഠം തന്നേ തൻെറ കാര്യസ്ഥനെ അയച്ചു. വരുന്ന വഴിക്കു ഒരു ടേക്സി വിളിച്ചുകൊണ്ടുവരാനും അയാളെത്തന്നെ ഏ ല്പെട്ടത്തി. പുതുതായി വേളികഴിച്ചവൻ, നവോഢയുടെ വരവും പ്രതീക്ഷിച്ചു ശയനമുറിയിൽ ഇരിക്കുംപോലെ, പണത്തിൻെറ വരവും കാത്തു കാരണവർ മുററത്തിൽകൂടെ അക്ഷമനായി അങ്ങോട്ടും ഇങ്ങോട്ടും നടന്നു കഴിച്ചു

ട്ടേക്കി അടുക്കെ എത്തിയപ്പോൾ, ഇന്ദുലേഖയുടെ മുറിയി ലേക്ക സൂരിനമ്പൂതിരി എന്നപോലെ, കാരണവർ അതി ൻെറ സമീപത്തു പാഞ്ഞുചെന്നു. ഇഹലോകം ഇച്ഛാഭം ഗത്തിൻെറ കൂടല്ലേ?

കാരണവർ—എന്തൊരു താമസമാണ്? കാത്തുകാത്തു മടുത്തു. പണം ഇങ്ങട്ട് തരൂ.

കാര്യസ്ഥൻ—അങ്ങന്നേ! പണം കിട്ടിയില്ല.

കാരണവർ—എന്തുകൊണ്ട്?

കാര്യസ്ഥൻ—ഒപ്പിൽ അസാരം വ്യത്യാസമുണ്ടെന്ന് പറഞ്ഞു.

കാരണവർ—എല്ലാ ഒപ്പുകളും ഇരട്ടപെട്ട കുട്ടികളെപ്പോ ലെയോ മുലയിണപോലെയോ ഒരുപോലെ ഇരി ക്കുമോ? ഈ അവലക്ഷണങ്ങളെ ബേങ്കിൽ വെച്ചു പുലർത്തുന്നവരെയാണ് ഒന്ന് ആദ്യം പ്രഹരിക്കേ ണ്ടത്.

കാര്യസ്ഥൻ—ബേങ്കിലെ റൂൾ അങ്ങിനെയാണ്.

കാരണവർ—ഒപ്പിൽ അസാരം വ്യത്യാസമുണ്ടെന്നുവെച്ച ഒപ്പ് എൻേറതല്ല എന്ന് വരുമോ?

കാര്യസ്ഥൻ—അങ്ങിനെയാണ് വിചാരിക്കേണ്ടതു്.

കാരണവർ—വാഴക്കയുടെ തൊലിയാണ്! പനിപിടിച്ചിട്ടോ മറേറാ എൻെറ മുഖത്തിന്ന് വാട്ടം തട്ടിയാൽ മുഖം എൻേറതല്ലെന്നു വരുമോ?

കാര്യസ്ഥൻ—തക്കിച്ചാൽ ഇനിയും താമസം നേരിടുകയേ ഉള്ളൂ.

കാരണവർ—അതുകൊണ്ട്?

കാര്യസ്ഥൻ—ആദ്യത്തെ ചെക്ക് കേൻസൽചെയ്തു, ഒരു പുതിയ ചെക്കെഴുതി അതിൽ സാധാരണപോലെ നിങ്ങൾ ഒപ്പിട്ടാൽ മതി.

കാരണവർ, കാര്യസ്ഥൻെറ പക്കൽനിന്നു ചെക്ക പിടിച്ചുപറിച്ചെടുത്തു അതു കിറി വലിച്ചെറിഞ്ഞു. അതിൻെറ കഷണങ്ങൾ പാററകളേപോലെ പറന്നു നിലത്തു വീണു. എന്നിട്ട് ഒരേടത്തു ഇരുന്നു "കാട്ടുമുട്ടാളന്മാർ—ചേററിലെപ്പന്നികൾ–കള്ളക്കഴവേറികൾ—" എന്നൊക്കെ പിറുപിറുത്തുകൊണ്ട് കാരണവർ ഒരു പുതിയ ചെക്കെഴുതി കാര്യസ്ഥൻെറ വശംകൊടുത്തു. അയാളെ ബേങ്കിലേക്ക പിന്നേയും ഓടിച്ചു. അതിനിടയിൽ കാരണവർ തൻെറ ഉടുപ്പിടാൻ തുടങ്ങി. മാധവൻനായരോടുംകൂടെ വരാൻ തയ്യാറായി നില്ക്കാൻ പറഞ്ഞു. അധികം താമസിയാതെ പണവും ടാക്സിയുംകൊണ്ട് കാര്യസ്ഥനും എത്തി, പണം കാരണവരുടെ വശംകൊടുത്തു.

കാരണവർ—നീ ശരിയായി എണ്ണിനോക്കിയിരിക്കുന്നോ?

കാര്യസ്ഥൻ - ഉവ്വ് ലേശം വ്യത്യാസമില്ല

കാരണവർ—എന്നാൽ അതുമതി ഞാൻ എണ്ണുന്നില്ല.

ഇങ്ങിനെ പറഞ്ഞു കാരണവർ, നോട്ടും നാണ്യവുമൊക്കെ തൻേറ ബ്രീഫ്ബേഗിൽ ഇട്ടു, ടേക്സിയിൽ കേറി, തൻെറ അരികെ മാധവൻനായരേയും, ഡ്രൈവരുടെ അരികെ കാര്യസ്ഥനേയും ഇരുത്തി യാത്രയായി.

ഒന്നാമതു, കാരണവർക്കുവേണ്ടി മാധവൻനായർ ഓരോ സാമാനം വാങ്ങിയ സകല ഷാപ്പുകളിലും ചെന്നു കണക്ക

കളൊക്കെ റെഡിയായിത്തീൎന്നു. അതിൽപിന്നെ പുതുതായി ഓരോ സാമാനങ്ങൾ വാങ്ങിത്തുടങ്ങി. മാധവൻനായൎക്ക് വിശേഷപ്പെട്ട ഗ്ലാഡ്സ്ടൻബേഗ്ഗ് വാങ്ങി. രണ്ടുകുത്തു അസ്സൽ പാവുമുണ്ട്—രണ്ടുകുത്തു മല്ല്—നാല് കസവ്വേഷ്ടി—ആറ് ഷട്ടിൻെറതുണി—കോട്ടിന്ന് ടപീഡിൻെറ തുണി—വെള്ളിക്കുടുക്കുകൾ—ഇങ്ങിനെ പല സാമാനങ്ങളും, മാധവൻനായൎക്ക് സമ്മാനമായി മേടിച്ചുയാതൊരു ക്രുസലുമില്ലാതെ ആ ബേഗിൽ നിറച്ചു പിന്നെ മാലതിക്കു ഉറപ്പും ഭംഗിയുമുള്ള ഒരു സ്ടീൽട്രങ്ക്വാങ്ങി; ഓരോന്നിന്ന് 200ക വിലക്കുള്ള നാല് ബെനാറീസ് ചേല—ആറ് പട്ടിൻചേല—ആറ് സാധാരണചേല, എന്നിവയൊക്കെ അതിൽ അടക്കിവെച്ചു. പിന്നെ V. S വാരിയരുടെ സ്വൎണ്ണാഭരണഷാപ്പിൽചെന്ന് മാലതിക്കു ആയിരത്തഞ്ഞൂറ് ഉറുപ്പികയുടെ ഒരു കാശിമാലയും എണ്ണൂറ്ഉറുപ്പികയുടെ ഒരുജോടി വൈരക്കമ്മലും വാങ്ങി അതിൽ പൂട്ടി. ഇതിൻെറഒക്കെ വില അപ്പോൾത്തന്നെ എണ്ണിയോ മണിച്ചോ കൊടുക്കുന്നതിന്ന് കാൎയ്യസ്ഥൻ അരികെത്തന്നെ നിന്നിരുന്നു. കാരണവൎക്ക് ഇതൊക്കെ വെറും ചില്ലറക്കാൎയ്യങ്ങളായിട്ടേ തോന്നിയിരുന്നുള്ളൂ. എന്നാൽ ഇതൊക്കെ കണ്ടപ്പോൾ, കഥകളിവേഷക്കാരിൽ വളരെ ശ്രുതിപ്പെട്ട കുഞ്ചുക്കുത്താവിനുംകൂടി, എത്രയോ പ്രയാസപ്പെട്ടിട്ടു മാത്രം ഒന്നിച്ചു സ്ഫുരിപ്പിക്കാവുന്ന, വിസ്മയകൌതുകരസങ്ങൾ, മാധവൻനായരുടെ മുഖത്തു ശ്രമമൊന്നുമില്ലാതെതന്നെ പ്രകാശിച്ചുവന്നു.

വീട്ടിൽ മടങ്ങിച്ചെല്ലുമ്പോൾ അവിടെ വലിയ തിരക്കാണ് കണ്ടത്. എന്തെന്നാൽ, അന്ന് അവിടെവെച്ച് മാധവൻനായരുടെ സ്നേഹിതന്മാരും പരിചയക്കാരുമായ പത്തമ്പതാളെ ഒരു ചായസല്ക്കാരത്തിന്ന് കാരണവർ ക്ഷണിച്ചിരുന്നു. ഓരോ വിരുന്നുകാരന്നും ഓരോ ചെറിയ വട്ടമേശയും കസേലയും കൊടുത്തിരുന്നു. വട്ടമേശമേൽ നിരത്തിവെച്ചത്, മൂന്നാല് പ്ലെയിററുകളിലായി ബൺ, കെയിക്ക്, ബിസ്കററ്, ഹൽവാ, ലഡു, ജെൽബി, വട, മുറുക്ക, റൊട്ടി, പഴം, ഡെയിററ് മുതലായ സാധനങ്ങളായിരുന്നു. ഇതുകൂടാതെ പലമാതിരി വൈനും വിസ്കിയും ബ്രാണ്ടിയും ഉണ്ടായിരുന്നു. വൈകുന്നേരം ആയപ്പോൾ അതിഥികളൊക്കെ പോയിക്കഴിഞ്ഞിരുന്നു. അപ്പഴയ്ക്ക് കാരണവർ ഗ്രിൽചെയ്ത ചിക്കൻ, തറച്ചു പൊരിച്ച മാംസം, ചാപ്സ് എന്നീ രൂപങ്ങളിൽ നാല്റാത്തൽ മാംസവും നാല്ഡ്രാം "Doctors Special" വിസ്കിയും പള്ളയിലാക്കിക്കഴിഞ്ഞിരിക്കുന്നു. കാരണവരുടെ തെളിഞ്ഞ മന്ദഹാസം, അദ്ദേഹത്തിൻെറ ഹൃദയത്തിൽ "A joy for ever" എന്ന ഭാവം പ്രത്യക്ഷമാക്കി.

കാരണവർ—ഞാൻ നാളെ രാവിലെ നാല്മണി വണ്ടിക്ക് മദ്രാസിലേക്ക പോകുന്നു. യാത്രക്ക പുറപ്പെടാനുള്ള മുഹൂർത്തം രാത്രി രണ്ടുമണിക്കാണ്. അതിന്നുമുമ്പെ ടിക്കററ് മേടിച്ച സാമാനങ്ങൾ തൂക്കാനും മററും ഞാൻ കാര്യസ്ഥനെ ഏല്പിച്ചിട്ടുണ്ട്.

മാ. നാ—എല്ലാം നിങ്ങളുടെ കഷ്ടം.

കാരണവർ—എന്നെക്കൊണ്ടു് നിങ്ങരം കുറെ ബുദ്ധിമുട്ടിയിരിക്കുന്നു. അതു എനിക്കറിയാം.

മാ. നാ—ബുദ്ധിമുട്ടേണ്ടേടത്ത് ബുദ്ധിമുട്ടാതെ കഴിയുമോ?

കാരണവർ—അതാണ് ഞാനും പറഞ്ഞതു്.

മാ. നാ—ശരീരം പരോപകാരത്തിന്നു് വേണ്ടിയല്ലെ!

കാരണവർ—അതു നിൻെറ ഭാൎയ്യയാണ് ധരിക്കേണ്ടതു്.

മാ. നാ—അവരം വല്ല കുറവും കാണിച്ചോ?

കാരണവർ—ആദ്യത്തെ ദിവസമല്ലാതെ പിന്നെ അവളെ കണ്ടിട്ടില്ല.

മാ. നാ—അവരംക്കു നിങ്ങളെ വലിയ ഭയവും ബഹുമാനവുമാണ്.

കാരണവർ—അതെ. ഞാൻ കോപിയായതുകൊണ്ടു് അവരംക്കു ഭയം. ഞാൻ ധനികനാകകൊണ്ടു് അവരംക്കു ബഹുമാനം.

മാ. നാ—കാരണവരായതുകൊണ്ടു്, ആ കാരണങ്ങരം ഒന്നും ഇല്ലാതെതന്നെ ഭയവും ബഹുമാനവും എപ്പോഴും ഉണ്ടു്.

കാരണവർ—അതുകൊണ്ടായിരിക്കും നിങ്ങളെ വിട്ടുപോവാൻ എനിക്കു വളരെ മടികാണുന്നതു്.

മാ. നാ—(ഭയത്തോടെ) അതു നിങ്ങരംക്കുമാത്രമല്ല. എല്ലാവൎക്കും താല്ക്കാലികമായുണ്ടാകുന്ന ഒരു മനോവികാരമാണ്. അതു അത്ര പൊരുളിക്കാനില്ല.

കാരണവർ—നിങ്ങരം ഞങ്ങളെ നല്ലവണ്ണം ശുശ്രൂഷിച്ചിട്ടുണ്ടു്.

മാ. നാ—അതു ഞങ്ങളുടെ മുറ അല്ലേ!

കാരണവർ—നിങ്ങളുടെ മുറ നിങ്ങൾ വളരെ തൃപ്തികരമാകുംവണ്ണം നടത്തി.

മാ. നാ—ആ പ്രശംസതന്നെ ഞങ്ങൾക്കു കവിഞ്ഞ പ്രതിഫലമായി.

കാരണവർ—പ്രതിഫലം വാക്കുകൊണ്ടുമാത്രം കാണിച്ചാൽ പോരാ.

മാ. നാ—ഏതുപ്രകാരത്തിൽ കാണിക്കുന്നതും ഞങ്ങളുടെ ഭാഗ്യമാണു്.

കാരണവർ—ഭാഗ്യമാണെന്നു അനുഭവമാകും വിധത്തിൽ, ഞാൻ നിങ്ങൾക്കു ഒരു തുക സംഭാവന ചെയ്യാൻ പോകുന്നു.

മാ. നാ—ഇവിടുന്നു ഞങ്ങൾക്കു വേണ്ടതിലധികം തന്നു കഴിഞ്ഞല്ലോ.

കാരണവർ—വേണ്ടതിലധികം എന്നു നീ പറയുന്നു. വേണ്ട പോലെ ആയില്ല എന്നു ഞാനും പറയുന്നു.

മാ. നാ—എല്ലാം നിങ്ങളുടെ ഇഷ്ടം.

കാരണവർതൻെറ പെട്ടി തുറന്നു ഒരു ചെക്കുബുക്കു എടുത്തു കുറെ ആലോചിച്ചു. എന്നിട്ട് ശിവരാമൻ ബേങ്കിലേക്കു ഒരു ചെക്കെഴുതി മാധവൻനായരുടെ വശംകൊടുത്തു

മാ. നാ—(നോക്കീട്ട്) അപ്പാ! ഇതു വളരെ അധികമായിപ്പോയി

കാരണവർ—ഉറുമ്പിന്നു് ഇറവെള്ളം കടലായിരിക്കും. എൻെറ അവസ്ഥക്കു ഈ തുക കേവലം നിസ്സാരമാണു്.

മാ. നാ—പതിനയ്യായിരം ഉറുപ്പിക ലക്ഷാധിപന്മാൎക്കു കൂടി നിസ്സാരമല്ല.

കാരണവർ—തല്ക്കാലം നീ പതിനയ്യായിരപ്പുളകത്താവായിക്കൊൾക.

മാ. നാ—വിവരം അറിയുമ്പോൾ ഇവിടത്തുകാർ എന്നെ അങ്ങിനെതന്നെ കരുതും.

കാരണവർ—നിൻെറ ഉൽകൃഷം എനിക്കു വലിയ തൃപ്തിയാണ്.

മാ. നാ—ഇവിടത്തെ ധൎമ്മബുദ്ധി എനിക്കു വളരെ ശ്രേയസ്സും ഉണ്ടാക്കിത്തന്നു.

കാരണവർ:—നമ്മൾ ഇങ്ങിനെ അന്യോന്യം "ശകാരിച്ചിട്ട്" ഫലമില്ല.

മാ. നാ—(ചിരിച്ചിട്ട്) എന്നാൽ ഇനി ഞാനെന്തുവേണം?

കാരണവർ—എനിക്കു ക്ഷണം ഉറങ്ങാൻ പോകണം. രാവിലെ മൂന്നുമണിക്കു എഴുന്നല്ക്കണ്ടതാണ്.

മാ. നാ—ഉറങ്ങാൻ അതാ അങ്ങട്ട് ചെല്ലാം. എല്ലാം ഒരുക്കിവെച്ചിട്ടുണ്ട്.

കാരണവർ—മൂന്നുമണിക്കു ഉണരാൻ തക്കവണ്ണം 'എലാറം' വെക്കണേ.

മാ. നാ—വെച്ചിട്ടുണ്ട്.

"നല്ലതു" എന്നും പറഞ്ഞു കാരണവർ ഉറങ്ങാൻ പോയി. പരമാനന്ദത്തിൽ മുങ്ങിയ മാധവൻനായർ തൻെറ ഭാൎയ്യയുടെ അടുക്കെ ഓടിച്ചെന്നു.

മാ. നാ—മാലതി! ഇപ്പോൾ നീ എന്തുപറയുന്നു?

മാലതി—എന്തുണ്ടായി?

മാ. നാ—എനിക്കു പതിനയ്യായിരം ഉറുപ്പികയുടെ ഒരു ചെക്കാണ് ശിവരാമൻബേങ്കിലേക്കു കാരണവർ തന്നതു്.

മാലതി—നിങ്ങളുടെ അദ്ധ്വാനത്തിന്നു് മതിയായ പ്രതിഫലമായി.

മാ. നാ—ഞാൻ ഇതൊക്കെ എന്താണു് ചെയ്യേണ്ടതു്?

മാലതി—തല്ക്കാലം ആ പണം അവിടെത്തന്നെ സൂക്ഷിച്ചുവെച്ചോളൂ.

മാ. നാ—അതേ. ഇവിടെ വെച്ചാൽ കള്ളന്മാർ നമ്മെ ബാക്കിവെക്കുകയില്ല.

മാലതി—ആ കപ്പാടെ നമ്മുടെ സുഖം പോയി.

മാ. നാ—പലമാതിരി സുഖങ്ങളും നമുക്കു ഇഷ്ടംപോലെ അനുഭവിക്കാനുള്ള കെല്പ് ഉണ്ടായ്യുന്നു എന്നാണ് പറയേണ്ടതു്.

മാലതി—പണം ഉള്ളതുകൊണ്ടു് ചോറിന്നും കറിക്കും നമുക്കു പണ്ടത്തേതിലും രുചി ഉണ്ടായിവരുമോ?

മാ. നാ—അതിലും എത്രയോ വിലയേറിയ വസ്തുക്കൾ വാങ്ങാനും രുചിനോക്കാനും നമുക്കു ഇപ്പോൾ സാധിക്കും.

മാലതി—സമുദ്രത്തിൽ പോയാലും കുടത്തിൽ കൊള്ളുന്നതേ എടുക്കാൻ സാധിക്കയുള്ളൂ.

മാ. നാ—പണത്തിൻെറ ശക്തി യന്ത്രശക്തിപോലെയാണ്. ഒരു കുടത്തിൽ കൊള്ളുന്നതു കൊണ്ടുവരുന്നതിന്നു പകരം ആയിരം കുടത്തിൽ കൊള്ളുന്നതു ഒരേ സമയത്തു കൊണ്ടുവരാം.

മാലതി—ഒരു പക്ഷിയെ കിട്ടാൻ വേടന്നു് ഒരു നാടൻ അമ്പ് മതി. നാരായണാസ്ത്രവും ബ്രഹ്മാസ്ത്രവും ഒന്നും വേണ്ട.

മാ. നാ—എന്നാലും അവ ഉള്ളതു ഒരു ബലമല്ലേ!

മാലതി—ബലം കാട്ടാൻ അവസരമില്ലാഞ്ഞാൽ ബലത്തിന്നു വിലയില്ല.

മാ. നാ—നീ നിധികണ്ടാൽക്കൂടി എടുക്കാൻ കൈനീട്ടാത്തവളാണ്.

മാലതി—സുന്ദരികളെ കാണുമ്പോൾ നിങ്ങളും അപ്പോലെ ആചരിച്ചാൽ മതി.

മാ. നാ—എനിക്കു നീയാണ് ഏററവും മുന്തിയ സുന്ദരി.

മാലതി—അതു സുന്ദരമായ ഒരു തോന്നൽ മാത്രമാണെന്നു എനിക്കും തോന്നുന്നുണ്ട്.

## അഞ്ച്.

എല്ലാവരും സുഖത്തിൽ കിടന്നുറങ്ങുമ്പോൾ രാത്രി രണ്ടു് മണിക്കു് കാര്യസ്ഥൻെറ ഉറക്കമുണർന്നു. അയാൾ എല്ലാ ഒരുക്കങ്ങളും മുൻക്കൂട്ടിച്ചെയ്തുവെച്ചിരുന്നതുകൊണ്ടു്, നിത്യകൃത്യങ്ങളെല്ലാം കഴിച്ചു, താൻ ഏൎപ്പെടുത്തിയ ടേക്സി യുടെ വരവും കാത്തുനിന്നു. അരമണിക്കൂറിനുള്ളിൽ ഹോർ ണും മുഴക്കിക്കൊണ്ടു് ആ വാഹനവും പടിക്കൽ എത്തി. സകല ട്രങ്കുകളും സാമാനങ്ങളും അതിൽ ഏററി കാര്യ സ്ഥൻ തീവണ്ടിസ്റ്റേഷനിലേക്കു്, യാത്രയായി. സ്റ്റേഷനിൽ എത്തിയ ഉടനെ കാരണവൎക്കു വരാൻവേണ്ടി ടേക്സി വീട്ടി ലേക്കുതന്നെ മടക്കി അയച്ചു. ഇങ്ങിനെ അന്നത്തെ കാര്യ പരിപാടിയുടെ വിഷ്കംഭം അഥവാ ഒന്നാമത്തെ പുറപ്പാടു് (Exodus) കഴിഞ്ഞു.

നേരം മൂന്നുമണിക്കു് കാരണവരും എഴുന്നേററു് തൻെറ പ്രഭാതകൃത്യങ്ങൾ ഒക്കെ നടത്തി. തൻെറ ഉടു പ്പൊക്കെ ഇട്ടു, സമീപത്തിൽ സകലത്തിന്നും റെഡിയായി നിന്ന മാധവൻ നായരുടെ മുഖത്തൊന്നു നോക്കി.

കാരണവർ—മാധവാ! ഞാൻ നിങ്ങൾക്കു് തരേണ്ടതൊക്കെ തന്നുകഴിഞ്ഞു. ഇനി നിന്നെ ഞാൻ ഒന്നു അനുഗ്ര ഹിക്കട്ടെ.

കാരണവർ, മാധവൻനായരുടെ മൂൎദ്ധാവിൽ ചും ബിച്ചു ആയുരാരോഗ്യവാനായി ഭവിക്കട്ടെ എന്നു് അനുഗ്ര ഹിച്ചു. അപ്പോൾ മാധവൻനായർ കാരണവരുടെ കാൽ തൊട്ടു് ആ കൈകൊണ്ടു് നെററിയും തൊട്ടു. വെള്ളം

നിറഞ്ഞ കണ്ണുകളോടുകൂടെ കാരണവർ ഇടത്തും വലത്തും നോക്കിയപ്പോൾ കാൎയ്യം മനസ്സിലാക്കിയ മാധവൻനായർ മാലതിയെ ക്ഷണം വിളിച്ചുകൊണ്ടുവന്നു. കാരണവർ അവളുടെ മൂൎദ്ധിയിലും ചുംബിച്ചു. "എന്റെ ഏകൈക മരുമകളേ! എന്റെ ജീവേ! നീ കേൾക്കു". എന്റെ മുപ്പതുലക്ഷത്തിന്റെയും അവകാശി ആക്കി ഞാൻ അടുത്ത ദിവസത്തിൽ ഒസ്യത്തെഴുതി റജിസ്ത്രാക്കിവെക്കുന്നുണ്ട്. ഇപ്പോഴേ ചിലവാക്കിയാൽ എന്റെ മുപ്പതുലക്ഷത്തിൽ വല്ലതും ബാക്കി ഉണ്ടാകുമോ എന്നു നീ ശങ്കിക്കയും വേണ്ട. രാവണൻ പറഞ്ഞപോലെ "ഇങ്ങിനെ നൂറ് നൂറ് തല പോകിലും എന്റെ പത്തു തലക്ക് ഒരു ഭംഗവും വന്നു കാണുകയില്ല." തറവാട് അന്യം വരാതെ നിലനിൎത്തേണ്ടതു് മേലാൽ നീയും നിന്റെ സന്തതികളുമാണ്. നിണക്കു ദീഘായുസ്സ് ഈശ്വരൻ തരട്ടെ. മേലാൽ ഞാൻ ചെയ്യുന്ന വഴിവാടുകൾ ഒക്കേ നിന്റെ ആയുസ്സ് നീണ്ടിരിപ്പാൻവേണ്ടി മാത്രം ആയിരിക്കും. സമ്പത്തു് എന്റെ വഴിയായി നിണക്ക് ഈശ്വരൻ എത്രയെങ്കിലും തന്നിട്ടുണ്ട്. മാധവാ! എന്റെ ഈ ചെറിയ മരുമകളെ നീ ഒരിക്കലും ഒന്നിനും ബുദ്ധിമുട്ടിക്കരുതേ. ഇവൾ എന്റെ പ്രത്യേകമാണ്. നീ ഇവളുടെ സുഖവിവരത്തെപ്പററി എനിക്കു കൂടക്കൂടെ കത്തെഴുതണേ." എന്നു് കാരണവർ തൊണ്ടയിടറിപ്പറഞ്ഞപ്പോൾ കാരണവരോടുകൂടി മാധവൻ നായരും മാലതിയും കരഞ്ഞുതുടങ്ങി. കുറേനേരം എല്ലാരും കരഞ്ഞതിൽപിന്നെ കാരണവർ മാലതിയോട്ട് ഉറങ്ങാൻ പോവാൻ പറഞ്ഞു. പിന്നെ ദാസിയെ വിളിച്ചു അവ

ററക്ക ഒരു അഞ്ചുറുപ്പിക നോട്ടും രണ്ടു് ആമാടയും സമ്മാനിച്ചു! അവളും കരഞ്ഞുകൊണ്ടു് കാരണവരെ തൊഴുതു പോയി. കാരണവർ പിന്നെ മാധവൻനായരോട്ട് വിടവാങ്ങാൻ പുറപ്പെട്ടപ്പോൾ തീവണ്ടി ആപ്പീസ്‌വരെ താനും വരുന്നുണ്ടെന്നു് പറഞ്ഞു, പ്രതിഷേധങ്ങൾ കൂട്ടാക്കാതെ കാരണവരുടെ കൂടെത്തന്നെ ടേക്സിയിൽ കേറി.

സ്റ്റേഷനിൽ എത്തിയ ഉടനെ കാര്യസ്ഥൻ ടേക്സിക്കാരന്നു് കൂലികൊടുത്തു. വണ്ടി സ്റ്റേഷനിൽ എത്തിയ ഉടനെ സാമാനങ്ങൾ കേററുന്ന ജോലി ഒക്കെ കാര്യസ്ഥൻ നിവ്വഹിച്ചു. കാരണവർ രണ്ടാംക്ലാസിൽ കേറിയിരുന്നു. വണ്ടി ഇളകാൻ തുടങ്ങിയപ്പോൾ "ഈശ്വരവിചാരം എപ്പോഴും ഉണ്ടായിരിക്കണം. വഞ്ചന വജ്ജിക്കണം" എന്നായിരുന്നു കാരണവരുടെ ഒടുക്കത്തെ ഉപദേശം. അനുസരണഭാവത്തിൽ കാരണവരെ തൊഴുതുനില്ക്കുന്ന മാധവൻനായർ പിന്നെ കണ്ടതു അവസാനത്തെ ഒരു കൂക്കിയും ഇട്ടു വണ്ടി സ്റ്റേഷനിൽനിന്നിളകി ക്രമേണ അപ്രത്യക്ഷമാകുന്നതായിരുന്നു. വണ്ടി കണ്ണിൽനിന്നു മറഞ്ഞതോടുകൂടി മാധവൻനായർ സ്വപ്നത്തിൽ എന്നപോലെ ഉണന്നു. ചുററും നോക്കിയപ്പോൾ ടേക്സി കണ്ടില്ല. തൻെറ വീട്ടിലേക്കു് ഒരു കുറുവഴി ഉണ്ടു്. അതു കാളിക്കാവു് എന്നു പേരായ ഒരു വളളിക്കാടിൻെറ നടുവിൽകൂടെയാണു്. അതിൽകൂടെ ഇരുട്ടത്തു് ഒററക്കു് ആരും സഞ്ചരിക്കാറില്ല. എന്നാൽ അര നാഴിക വഴിയേ ഉള്ളു. മററു വളരെ ചുറേറണ്ടിവരും. ക്ഷണം വീട്ടിൽ എത്തണം എന്ന വിചാരത്തോടെ, കാട്ടുവഴി തന്നെ പിടിക്കണം എന്നു് മാധവൻനായർ ഉറച്ചു

തൻെറ വശം ടോർച്ച്ലൈററ് ഉള്ളതുകൊണ്ടാണ്. കാട്ടിൽകേറി ടോർച്ച് കൂടക്കൂടെ മിന്നിച്ചുകൊണ്ടു് രണ്ടു് ഫർലങ്ങ് വഴി മുന്നോട്ടുചെന്നപ്പോൾ, ബേററി തീൻപോയതുകൊണ്ടു് പെട്ടെന്നു ടോർച്ച് കെട്ടുപോയി. അപ്പോൾ തന്നെ മാധവൻനായൎക്കു ഒരു നെഞ്ഞിടിപ്പും ഉണ്ടായി. നായർ ഒരു ധീരനുമല്ല. ഒരു ഭീരുവുമല്ല. പകുതി വഴി എത്തിപ്പോയതുകൊണ്ടു് മടങ്ങീട്ടു് ഒരു ഫലവും ഇല്ല മുന്നോട്ടു പോകുന്നതാണ് സൌകൎയ്യം. സ്വകാൎയ്യമായി കാട്ടിൻെറ നടുവിൽ പെട്ടുപോയതുകൊണ്ടു് മാധവൻനായൎക്ക് പേടിയും കിടിലവും ഉണ്ടായി. പോരാഞ്ഞിട്ട് അമംഗളസൂചകമായി അങ്ങനും ഇങ്ങനും കുററിച്ചൂടന്മാരുടെ കുളുത്തുകേററം ഉണ്ടാക്കുന്ന ശബ്ദങ്ങൾ കേട്ടുതുടങ്ങിയപ്പോൾ മാധവൻനായരുടെ ദേഹം വിറച്ചുതുടങ്ങി. മനുഷ്യരൊന്നും പുറത്തിറങ്ങി നടക്കുവാനായിട്ടില്ല എന്നു കാഹളമൂതി വിളംബരം ചെയ്യുംപോലെ കുറുക്കന്മാരുടെ പൈശാചികമായ ഓരിയും കേട്ടുതുടങ്ങി. നിലാവെളിച്ചവുംകൂടി ഇല്ലാത്ത ആ സമയത്തു് മാധവൻനായർ ഭയത്തോടെ ഇടത്തും വലത്തും നോക്കിയപ്പോൾ വൃക്ഷങ്ങളൊക്കെ തന്നെ തല്ലാൻവേണ്ടി, കൈകൾ പൊക്കിപ്പിടിച്ച ബഹുബാഹുക്കളായ രാക്ഷസന്മാരാണെന്നുതോന്നി. മേലെ നോക്കിയപ്പോൾ, നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം, ഒരു ഗംഭീര വലിപ്പമുള്ള വസൂരിരോഗിയുടെ ദേഹംപോലെ ഞെട്ടൽ ഉണ്ടാക്കി. കൂടക്കൂടെ മൂളുന്ന കൃമന്മാർ ആ തോന്നൽ ശരിയാണെന്നു പിൻതാങ്ങി. മാധവൻനായർ നായാട്ടുകാരെ കണ്ട മാനിനെപ്പോലെ മുന്നോട്ടു ഒരു കുതികുതിച്ചു. പന്ത

യംവെച്ചോടുന്ന മത്സരക്കാരനെപ്പോലെ മരണപ്പാച്ചിൽ പാഞ്ഞു തൻെറ വീട്ടിൻെറ പൂമുഖത്തെത്തി. കിതപ്പു മാറാൻ കുറേനേരം അവിടത്തന്നെനിന്നു. അപ്പോൾ തൻെറ ഭാര്യ കിടക്കുന്ന മുറിയിൽനിന്നു ഒരു നിലവിളി കേട്ടു. "ഭയപ്പെടേണ്ട, ഞാൻ എത്തിപ്പോയി" എന്നു് അലറിക്കൊണ്ടു് മാധവൻനായർ അവിടെയും ചാടി എത്തി. മാധവൻനായർ ചെന്നപ്പോൾ മാലതി കട്ടിലിന്മേൽ കുത്തിരുന്നു കണ്ണു് തുടക്കുകയായിരുന്നു.

മാ. നാ—എന്താ മാലതി! നിലവിളിച്ചതു്?

മാലതി—ഇവിടെ കള്ളന്മാർവന്നു എന്നും നമ്മെ ഉപദ്രവിക്കാൻ നോക്കി എന്നും ഞാൻ സ്വപ്നം കണ്ടു. ഭയംകൊണ്ടു് നിലവിളിച്ചുപോയതായിരിക്കണം.

മാ. നാ—തത്സമയത്തു് ഞാൻ ഇവിടെ എത്തിയതും ഭാഗ്യമായി.

മാലതി—അതു വലിയ ഭാഗ്യംതന്നെ.

മാ. നാ—എന്തോ! ഞാനും ഇന്നു വളരെ ഭയപ്പെട്ടുപോയി. വളത്തുകാട്ടിൽക്കൂടെ വരുമ്പോൾ ഓടേണ്ടിയുംകൂടി വന്നു.

മാലതി—നമുക്കു എന്തോ ഒരു ആപത്തുവരുംപോലെ തോന്നുന്നു.

മാ. നാ:—ആപത്തൊക്കെ നമ്മൾ പേടിച്ച പേടിയിൽ കഴിഞ്ഞുപോയി. ഇനി നമുക്കു് സമ്പത്താണു് വരാൻ പോണതു്.

മാലതി—കാരണവർ പോയതു വലിയ ഭാഗ്യമായി.

മാ. നാ—കാരണവർ വന്നതു് അതിലും വലിയ ഭാഗ്യമായി.

മാലതി—കൂട്ടിപ്പിടിച്ച മഴ പെയ്യുന്നതും നന്നു. ചോരുന്നതും നന്നു.

മാ. നാ—മഴക്കു ഒരു മണ്ണാങ്കട്ടയുമില്ല. അതു പെയ്ത സ്ഥലത്തിനാണ് ഗുണം.

മാലതി—എന്നുവെച്ചാൽ ഗുണം നമ്മൾക്കാണെന്നോ?

മാ. നാ—പിന്നെയോ?

മാലതി—ശനി നീങ്ങുന്നതു ഗുണം തന്നെയാണ്.

മാ. നാ—നിധി കിട്ടുന്നതാണ് അതിലും വലിയ ഗുണം.

മാലതി—എന്തു നിധിയാണ് നമുക്കു തല്ക്കാലം കിട്ടിയതു്?

മാ. നാ—പതിനയ്യായിരത്തിൻെറ ചെക്കു് ഒരു നിധി അല്ലെന്നുണ്ടോ?

മാലതി—ഇത്ര അധികം പണം നമുക്കെന്തിനാണു്?

മാ. നാ—ഇതിലും അധികം വേണമെന്നു കാംക്ഷിക്കാൻ വേണ്ടി.

മാലതി—നമ്മൾക്കു ഇതു ബേങ്കിൽ ഇടാനേ സാധിക്കുകയുള്ളു.

മാ. നാ—രാജാക്കന്മാൎക്കു് സുന്ദരികളെ സെനാനയിൽ ഇടാനെ സാധിക്കുകയുള്ളു. എന്നാൽ അവൎക്കു ഉപകാരം ഇല്ലെന്നോ?

മാലതി—ഉപകാരം ബാക്കിയുള്ളവൎക്കായിരിക്കും.

മാ. നാ—ശരി, അതും ഒരു പുണ്യമല്ലേ!

മാലതി—പുണ്യം നിങ്ങൾക്കും കിട്ടണം. നിങ്ങൾ കൊടുത്താൽ മാത്രം പോരും.

മാ. നാ—കൊടുക്കുന്നവക്കു കിട്ടും.

മാലതി—കിട്ടുന്നവർ കൊടുക്കുകയുമില്ല.

മാ. നാ—നീ ഒന്നും പറയേണ്ട. പണം കൊണ്ടുനടക്കേണ്ടുന്ന ഭാരം ഞാൻ ഏററു.

മാലതി—അതു ഏററിനടക്കുന്നതു് ഒരു ഭാരം തന്നെയാണ്.

മാ. നാ—സ്ത്രീകൾക്കു മുടിയും മററും ഒരു ഭാരമാണെന്നു് അവർ കരുതുമോ?

മാലതി—അലങ്കാരമൊന്നും ഭാരമല്ല.

മാ. നാ—അഹങ്കാരമാണ് ഭാരം.

## ആറു്.

അന്നു രാവിലെ ഒമ്പതുമണിക്കു മാധവൻനായർ, ഭാൎയ്യയേയും ആശ്വസിപ്പിച്ചു, അപ്പീസിൽ പോയി. അവിടെ ച്ചെന്നപ്പോഴും ഒരു മാതിരി പന്തിയില്ലായ്മ, ഉള്ളിൽ നില്ക്കുന്ന പനിപോലെ, നായരെ നിരുന്മേഷനാക്കി. അതു കൊണ്ടു് ചെക്കു് കേഷ് ചെയ്യുന്നതു പിറേറന്നേക്കു നീട്ടിവെച്ചു. പതിനൊന്നു മണിക്കുതന്നെ നായർ തന്റെ വീട്ടിലേക്കു മടങ്ങി. മാലതി—കോഴിക്കുഞ്ഞിനെപോലെ അഴകും അനഘതയും പ്രദൎശിപ്പിക്കുന്ന മാലതി—നിഷ്കളങ്ക പളുങ്കുപോലെ പരിശുദ്ധമായ മാലതി—വീട്ടിന്റെ വറാന്തയിൽ, ലക്ഷ്മീദേവിയേപ്പോലെ തന്നെ എതിരേല്പാൻ നില്ക്കുന്നതു കണ്ടപ്പോൾ, നായരുടെ ചുണ്ടുകൾ പൂമൊട്ടു് വികസിക്കുംപോലെ മന്ദഹാസംകൊണ്ടു് ഒന്നു വിടൎന്നു.

മാലതി—മധൂ! സാമാനങ്ങൾ നിറച്ച നിങ്ങളുടെ പുതിയ ഗ്ലാഡ്സ്റ്റൻ ബേഗും, ചേലകളും ആഭരണങ്ങളുംവെച്ചഎനിക്കു തന്ന ട്രങ്കും ഇവിടെ കാണുന്നില്ല.

മാധവൻനായർ—സാമാനങ്ങൾ കടത്തുന്ന തിരക്കിൽ, കാൎയ്യസ്ഥൻ തെററായി അവയുംകൂടി എടുത്തുകൊണ്ടുപോയതായിരിക്കണം.

മാലതി—ഇനി അതു മടക്കിക്കിട്ടുമോ?

മാ. നാ—പിന്നയോ! കിട്ടാതെ എവിടേപ്പോകുന്നു? അവ കണ്ടുപിടിച്ച മാത്രയിൽ കാരണവർ മടക്കി അയക്കും.

മാലതി—ഇനി അയച്ചില്ലെങ്കിൽത്തന്നെ എന്താ! നമുക്കു വല്ല നഷ്ടവും ഉണ്ടോ?

മാ. നാ—വെറുതെ കിട്ടിയതു വെറുതെപോയി എന്നു വെക്കാനേ ഉള്ളു.

നായർ ഊണും കഴിച്ചു ഉറങ്ങാൻപോയി. നാല് മണിക്ക് മാലതി ഭർത്താവിനെ ഉണർത്തി. ഒരു കമ്പി വന്നിട്ടുണ്ടെന്ന വിവരം അറിയിച്ചു. നായർ കമ്പിപൊളിച്ചു വായിച്ചു, തെററായി കൊണ്ടുവന്ന ബേഗും ട്രങ്കും ഒലവക്കോട്ടിൽവെച്ചു കണ്ടു എന്നും, അവയുംകൊണ്ട് കാര്യസ്ഥനെ നായരുടെ വീട്ടിലേക്ക് മടക്കി അയച്ചിട്ടുണ്ടെന്നു മാണ് കമ്പി.

മാ. നാ:—ഇപ്പോൾ ഞാൻ പറഞ്ഞതു് ഒത്തില്ലേ?

മാലതി—അങ്ങിനെ വരാനേ തരമുള്ളു.

മാ. നാ—ഞാൻ ഒരിക്കൽ കാരണവരുടെ ഒരു ഫോട്ടോ വേണമെന്നു പറഞ്ഞു.

മാലതി—എനിക്കും അങ്ങിനെ തോന്നിയിരുന്നു. എന്നിട്ടു്?

മാ. നാ—ആദ്യം എൻെറ മുഖത്തു് ഒന്നു് വല്ലാതെ തുറിച്ചു നോക്കി. എന്നിട്ട് എന്നെ തടവിൽ ഇട്ടു. ചുമരിന്മേൽ കെട്ടിത്തൂക്കേണ്ട എന്നു അവർ പറഞ്ഞു.

മാലതി—അവിടേയും നേരംപോക്കുതന്നെ.

*         *         *         *         *

കുറെ കഴിഞ്ഞപ്പോൾ അംശം മേനവൻെറ ഭാര്യ അവിടെ വന്നു. അവൾ മാലതിയെ കാണ്മാൻ പല കാര്യത്തിന്നും വരുന്നവളാണ്. അന്നു വന്നതു ഒരു വിരുന്നു പോകാനുള്ളതുകൊണ്ടു് കുറേ ആഭരണങ്ങൾ കടം വാങ്ങാൻ ആയിരുന്നു. മാലതിയ്ക്കാണെങ്കിൽ ഏകദേശം അയ്യായിരം ഉറുപ്പിക വിലക്കുള്ള പൊൻപണ്ടങ്ങൾ ഉണ്ട്.

അക്കൂട്ടത്തിൽനിന്നു് വേണ്ടുന്നതു എടുത്തുകൊണ്ടു് പോവാറാണ് പതിവ്. സാധാരണപോലെ മാലതി പണ്ടങ്ങൾ വെക്കുന്ന ഇരിമ്പുപെട്ടി തുറന്നപ്പോൾ പണ്ടങ്ങളൊന്നും അവിടെ കണ്ടില്ല. മാലതി പരിഭ്രമത്തോടെ ഓടിച്ചെന്നു മാധവൻനായരോട് വിവരം പറഞ്ഞു. അയാൾ വീട്ടിലുള്ള സകല പെട്ടികളും തുറന്നുനോക്കി. ഒരു ഫലവും ഉണ്ടായില്ല. ആഭരണങ്ങൾ കളവുപോയി എന്ന ഭയങ്കര പരമാൎത്ഥം എല്ലാവൎക്കും മനസ്സിലായി. വേലക്കാരത്തി നാണി, അംശം മേനോൻ, അംശം മേനവൻെറ ഭാൎയ്യ, ഇവരൊക്കെയാണ് സംശയിക്കപ്പെട്ടവരാകേണ്ടതു്. പോലീസിൽ അറിവ് കൊടുക്കുംമുമ്പേ മാധവൻനായർ തൻെറ വകയായി ചില അന്വേഷണങ്ങൾ നടത്തി.

മാ. നാ—(മാലതിയോട്) നീ, ഇതിന്നു് മുമ്പ് ഈ ഇരുമ്പ് പെട്ടി തുറന്നിട്ട് ഏകദേശം എത്ര ദിവസമായിപ്പോയി?

മാലതി—രണ്ടുമാസത്തിലും അധികമായി.

മാ. നാ—അതിന്നുള്ളിൽ ഇവിടെ വളരെ ആൾ വന്നിട്ടും പോയിട്ടും ഉണ്ടായിരിക്കും.

മാലതി—ഈ അകത്ത് ആരും കടന്നുവരാറില്ല.

മാ. നാ—നിണക്കെന്താ നിശ്ചയം?

മാലതി—മിക്കസമയത്തും ഇതു പൂട്ടിയിരിക്കും.

മാ. നാ—ചിലപ്പോൾ പൂട്ടാതേയും ഇടും.

മാലതി—അപൂൎവ്വമായി അങ്ങിനെ വന്നേക്കാനും മതി.

മാ. നാ—അവസരം പാൎത്തുനില്ക്കുന്നവൎക്ക് അങ്ങിനെ അങ്ങിനെ ഒരു തഞ്ചം കിട്ടി.

മാലതി—ആ തഞ്ചം, വീട്ടിൽ താമസിക്കുന്നവർക്കല്ലാതെ പുറമെ ഉള്ളവർക്ക് ആർക്കും കണ്ടുപിടിക്കാൻ സാധിക്കയില്ല.

മാ. നാ—അതു നീ പറഞ്ഞതു കാര്യമാണ്.

മാലതി:—വീട്ടിൽ കാര്യമായിട്ട് നമ്മുടെ വേലക്കാരത്തി നാണിയേ ഉള്ളു.

മാ. നാ—എല്ലാംകൂടി അവൾ നമ്മെ പററിച്ചതായിരിക്കുമോ?

മാലതി—ശാന്തം പാപം! എത്രയോ കൊല്ലമായി നമ്മളേയും ആശ്രയിച്ചു കഴിയുന്ന ഒരു വിശ്വസ്തയാണ്. എൻെറ അമ്മയുടെ കാലത്തുതന്നെ വീട്ടിൽ ഉണ്ടായിരുന്നവളാണ്. അവൾ നമ്മെപ്പോലെയാണെന്നു കരുതിയാൽ മതി.

മാ. നാ—വിശ്വസ്തയാണ് എനിക്കറിയാം. എന്നാൽ ഇവിടെവെച്ചു ഒരു കളവ് നടന്നാൽ വീട്ടിൽ ഉള്ളവരെല്ലാം സംശയാർഹന്മാരാണ്.

മാലതി—അവളെ വിളിച്ചു ചോദിച്ചുനോക്കു.

ഇങ്ങനെ പറഞ്ഞു മാലതി "നാണി" എന്നു ഉറക്കെ വിളിച്ചപ്പോൾ അവൾ അവിടെ ക്ഷണം ഹാജരായി.

മാ. നാ—നാണീ! നീ ഇരുമ്പ്പെട്ടി വെച്ച അകത്തു പോവാറുണ്ടോ?

നാണി—ഇല്ല.

മാ. നാ—വല്ലവരും ഇതിൽ പോകുന്നതു നീ കാണാറുണ്ടോ?

നാണി—ചിലപ്പോൾ അമ്മ പോകുന്നതു ഞാൻ കാണാറുണ്ട്.

മാ. നാ—അമ്മ കൂടാതെ വേറെ വല്ലവരും പോകുന്നതു കണ്ടിരിക്കുന്നോ?

നാണി—നാലഞ്ചുദിവസം മുമ്പ് കാരണവർ ഈ മുറിയിൽ കടക്കുന്നതു് കണ്ടു.

ഇതു കേട്ടപ്പോൾ മാധവൻനായരും മാലതിയും ഒന്നു ഞെട്ടി.

മാ. നാ—എന്തിനാണ് പോയതു്?

നാണി—ഞാൻ അറിയില്ല.

മാ. നാ—ആട്ടെ. ഇനി നീ നിന്റെ ജോലിക്ക് പോകോ!

നാണി പോയി.

മാലതി—ഇപ്പോൾ നിങ്ങൾ എന്തു വിചാരിക്കുന്നു ?

മാ. നാ—എനിക്കു വിചാരിപ്പാൻ കൂടി ഭയമാകുന്നു.

മാലതി—പോലീസിൽ അറിവ് കൊടുക്കേണ്ടേ?

മാ. നാ—അതല്ലാതെ മറെറന്തു നിവൃത്തി?

മാലതി—കൊടുക്കേണ്ടതു നമ്മുടെ മുറയാണ്.

മാ. നാ—ശരി തന്നെ. പോയ്പോയ ആഭരണങ്ങളുടെ ഒരു ലിസ്ററും ഉണ്ടാക്കി ഞാൻ ഇപ്പോൾതന്നെ അവിടെ പോയി റിപ്പോർട്ട് ചെയ്യാം.

* * * * *

വല്ലായ്മ തികഞ്ഞ ഒരു ദിവസവുംകൂടി ദീർഘമേറിയ പോലെ കഴിഞ്ഞു. പിറേറദിവസം പല കാര്യങ്ങൾക്കും വേണ്ടി പുറത്തുപോയിരുന്ന മാധവൻനായർ, രണ്ടുമണി ക്കുറിന്നുള്ളിൽ, മടങ്ങി, വീട്ടിൽ ധൃതിയോടെ കേറിവന്നു, പരിഭ്രമത്തോടെ മാലതിയുടെ അരികെച്ചെന്നു.

മാ. നാ—പതിനയ്യായിരം ഉറുപ്പികയുടെ ചെക്ക് മാറാൻ ഞാൻ ശിവരാമൻ ബേങ്കിൽചെന്നു. കാരണവരുടെ പേരിൽ അവിടെ ഒരു കാശും ഇല്ലെന്ന നിലയിൽ ചെക്ക് സ്വീകരിച്ചില്ല.

മാലതി—പിന്നെ ഇന്നാൾ അയ്യായിരത്തിന്ന് ഒരു ചെക്ക് മാറിയതു് എങ്ങിനെയാണ്?

മാ. നാ—എങ്ങിനെ എന്നു. എനിക്കു നിശ്ചയമില്ല. മാറിയതു അവിടുന്നല്ലപോലും.

മാലതി—അവിടേയും ഒരു മറി ഉണ്ടല്ലൊ.

മാ. നാ—ശിവരാമൻനായർ മദ്രാസിലെ സകല ബേങ്കുകളിലും കമ്പി അടിച്ചു ചോദിച്ചുനോക്കി. ശേഖരൻനായർ എന്ന പേരിൽ യാതൊരു പണവും ഇല്ലെന്നു മാത്രമല്ല ഇതുവരെ ഉണ്ടായിട്ടും ഇല്ലെന്നു പറയുന്നു.

മാലതി—എവിടേയെങ്കിലും ഇല്ലാതിരിക്കുമോ?

മാ. നാ—പണം ഇട്ടിട്ടുവേണ്ടെ ഉണ്ടാവാൻ?

മാലതി—ഒരേടത്തും ഇല്ലെന്നോ?

മാ. നാ—ഒരു ദിക്കിലും ഇല്ല. സിങ്കപ്പൂരിലുള്ള സകല ബേങ്കുകളിലും കമ്പി അടിച്ചുനോക്കി. ഒരാളും ശേഖരൻനായർ എന്ന നാമം തന്നെ കേട്ടിട്ടില്ലപോലും. എന്നിട്ടുവേണ്ടെ അയാളുടെ വക വല്ലതും ഉണ്ടാവാൻ?

മാലതി—ജഗദീശ! ഇതെന്തൊരു പെരുങ്കള്ളൻ! ഇതെന്തു പുതുമ!

മാ. നാ—പുതുമ ഇതുകൊണ്ടും തീന്നില്ല. കാരണവർ മദിരാശിയിൽ ഇറങ്ങിയ ഉടനെ പാൎത്ഥസാരഥികോവിലിന്നടുക്കെ ഒരു വീട്ട് ജന്മം വാങ്ങി എന്നു പറഞ്ഞിരു

ന്നില്ലേ? ഞാൻ അവിടത്തെ പോലീസിന്നും ഒരു കവിചി അടിച്ചു. അങ്ങിനെ ഒരു വേനന്തന്നെ അവിടെ ഇല്ലെന്നാണ് മറുവടി.

JAWAHAR SMARAKA GRANDHASALA Reg. No 321

മാലതി—എന്നാൽ ഈ ചെക്കും കള്ള ച്ചെക്കായിരിക്കുമല്ലൊ.

മാ. നാ—സംശയമുണ്ടോ? ഇതും പോലീസിൽ ഏല്പിക്കണം.

മാലതി—ഒരാളേയും ഉപദ്രവിക്കാത്ത നമുക്കാണോ ഇതൊക്കെ വന്നുകൂടിയതു്!

മാ. നാ—പതമുള്ള അടി പാതാളത്തിൽ എന്നു കേട്ടിട്ടില്ലേ!

മാലതി—എവിടുന്നു വന്നുപോലും ഈ പരദ്രോഹിയായ പെരുങ്കള്ളൻ!

മാ. നാ—ശേഖരൻനായർ എന്ന ഒരു കാരണവർതന്നെ നമുക്കില്ലെന്നാണു് എല്ലാവരുടെയും ബോദ്ധ്യം. നമുക്ക് അങ്ങിനെ ഒരു കാരണവർ ഉണ്ടെന്നും, അതു താനാണെന്നു നടിച്ചു നമ്മെ തെററിദ്ധരിപ്പിച്ചു നമ്മുടെ വീട്ടിൽ പാക്കാൻ അധികാരം ഉണ്ടെന്നും വെച്ചു ഇവിടെ വന്നതു ഒരു തിറംതീന്ന കള്ളക്കഴുവേറി മാത്രമാണെന്നും, കാൎയ്യസ്ഥൻ അയാളുടെ ദെല്ലാലി (കൂട്ടുകാരൻ) ആയിരിക്കാമെന്നും മററുമാണു് എല്ലാരും പറയുന്നതു്.

മാലതി—ജന്മിത്വം മുഖത്തു വിളങ്ങുന്ന കാരണവർ വെറും ഒരു പടുകള്ളനെന്നോ! എനിക്കു വിശ്വാസം വരുന്നില്ല.

മാ. നാ—കാരണവരാണെന്ന് വിശ്വസിപ്പിച്ചുതന്നതു് കാൎയ്യസ്ഥൻ എന്നു നടി'! മുരാച്ചിക്കള്ളനാണ് നമുക്കാണെങ്കിൽ കാരണവരൊന്നും നമുക്കില്ലെന്ന് ഉറ

പ്പും ബോദ്ധ്യവുമായിരുന്നു. നമ്മൾ ആ കള്ളന്റെ വാക്ക് വിശ്വസിച്ചുപോയിട്ടാണ്, കാരണവരുടെ നിലയിൽ അയാളെ ഇവിടെ പാർപ്പിച്ചതു്.

മാലതി—നമുക്കു ബേങ്കും ട്രങ്കും അവയിൽ വിലപിടിച്ച പട്ടുകളും മററു തുണികളും കുത്തിനിറച്ചുതന്നു. കാശിമാലയും വൈരക്കമ്മലും തന്നു.

മാ. നാ—തന്നതൊക്കെ തെററി എടുത്തുപോയി എന്ന നിലയിൽ അവർതന്നെ കല്പിച്ചുകൂട്ടി എടുത്തുകൊണ്ടു പോയി.

മാലതി—അപ്പോൾ നമുക്കയച്ച കമ്പിയോ?

മാ. നാ—വെറും മായവിദ്യ നമ്മൾ ഉടനെ പോലീസിൽ അറിവ് കൊടുക്കാതിരിയ്ക്കാൻവേണ്ടി പ്രയോഗിച്ച ഒരു യുക്തി.

മാലതി—അപ്പപ്പാ! ആ മുരാച്ചിക്കള്ളൻ ഇവിടെനിന്ന് കാട്ടിക്കൂട്ടിയ പരാക്രമങ്ങൾ എന്തായിരുന്നു? അയാൾ കാണിച്ച പവർ എത്രമാത്രം നമ്മെ കുഴക്കി?

മാ. നാ—അതെ, ഭ്രാന്തൻനായയെപോലെ ആ ചെററയെ തല്ലിക്കൊല്ലേണ്ടതാണ്.

മാലതി—ആ കള്ളന്റെ മാതിരി കണ്ടാൽ ആരും അഞ്ചിപ്പോകും. ആ നീചന്റെ എടുത്തുചാട്ടവും ശകാരവും എങ്ങിനെ നമ്മൾ പൊറുത്തു?

അങ്ങിനെ ഇരിക്കുമ്പോൾ പോലീസ് ഇൻസ്പെക്ടരും ചില പോലീസുകാരും അവിടെ കേറിവന്നു. മാലതി അകത്തുപോയി മാധവൻനായർ പോലീസ് ഇൻസ്പെക്ടർക്ക് ഒരു കസേല കൊടുത്തു അവിടെ ഇരുത്തി.

ഇൻസ്പെക്ടർ പത്തുമൂന്നുറ് മുറാച്ചിക്കള്ളന്മാരുടെ ഫോട്ടോ മാധവൻനായരോട് പരിശോധിക്കാനും, അവയിൽ കാരണവരുടെയും കാര്യസ്ഥൻെറയും ഉണ്ടെങ്കിൽ വേറെ എടുത്തുവെക്കാനും പറഞ്ഞു. അരമണിക്കൂറിനുള്ളിൽ മാധവൻനായർ കാരണവരുടെയും കാര്യസ്ഥൻെറയും ഫോട്ടോ കാണിച്ചുകൊടുത്തു.

പോലീസ് ഇൻസ്പെക്ടർ—കാരണവർ എന്നു നിങ്ങളെ ധരിപ്പിച്ച ഈ പെരുങ്കള്ളൻ ആളുകളുടെ പണ പററിക്കാൻ പല വേഷവും കെട്ടുന്നവനാണ്. ഇൻഷൂറൻസ് ഏജണ്ടാണ എന്നുവെച്ചു വളരെ ആളോട് പണം പിടുങ്ങിയ ആളാണു്. P. W. D. മെമ്പരുടെ സിക്രട്ടറിയാണെന്ന നിലയിൽ കരാറു് കൊടുക്കാമെന്നു്വെച്ചു പലരോടും വളരെ പണം പററിച്ച ആളാണ്. തുണക്കാരനായിട്ടു് ഈ കാര്യസ്ഥനും ഉണ്ടാകും. ഇവർ ചെയ്ത അഴിമതികൾക്ക കണക്കില്ല. പല പ്രാവശ്യവും ജെയിലിൽ പോയിട്ടുണ്ടു്. ഈ പ്രാവശ്യം ജെയിലിൽനിന്നു് വിട്ടിട്ടു് കഷ്ടിച്ചു രണ്ട് ആഴ്ച ആയിട്ടേ ഉള്ളു അപ്പഴാണ് നിങ്ങളെ കബളിപ്പിച്ചതു്. ചുരുക്കിപ്പറഞ്ഞാൽ നിങ്ങളുടെ ഭാര്യയുടെ ആഭരണങ്ങൾ മുഴുവനും പോയി. നിങ്ങൾക്ക തന്നു എന്നു നടിച്ച ബേഗും, ട്രങ്കും, അതിലുള്ള സകല സാധനങ്ങളും പോയി. ഇതുകൊണ്ടും നിങ്ങളുടെ നഷ്ടം മുഴുവനും ആയിട്ടില്ലെന്നാണ് തോന്നുന്നതു്.

മാ. നാ—ഇനി എന്താണ് ബാക്കിയുള്ളതു്?

ഇൻസ്പെക്ടർ—ടൌൺ ബേങ്കിൽ നിങ്ങളുടെ വകയായി എത്ര ഉറുപ്പിക ഉണ്ടായിരുന്നു?

മാ. നാ—ആറായിരം.

ഇൻസ്പെക്ടർ—നിങ്ങൾ ആ തുകയിൽനിന്നു് വല്ലതും (With draw) ഇയ്യിടെ വാങ്ങീട്ടുണ്ടോ?

മാ നാ—ഒരു കാശും ഇല്ല.

ഇൻസ്പെക്ടർ—ഞാൻ പറഞ്ഞില്ലെ! അവിടെയും ഇക്കള്ളന്റെ കണ്ണെത്താതിരിക്കില്ലെന്നു്?

മാ. നാ—അപ്പാ! എന്തുണ്ടായി?

ഇൻസ്പെക്ടർ—നിങ്ങളുടെ ഒപ്പും ഇട്ടു ഒരു കള്ളച്ചെക്ക് കേഷ് ചെയ്തു, കാരണവർ ആ ആറായിരം ഉറുപ്പികയും മൂപ്പിലാക്കി.

മാ. നാ—ഈശ്വരാ! ആകപ്പാടെ എനിക്കുണ്ടായ സകല സമ്പാദ്യവും പോയെന്നോ?

ഇൻസ്പെക്ടർ—കാരണവർ ഒന്നും ബാക്കി വെച്ചിട്ടില്ല.

മ നാ—എനിക്ക് ഇപ്പഴാണ് കാര്യം ഒക്കെ മനസ്സിലാകുന്നതു്. ആ പണം കൈക്കലാക്കിയതിൽപിന്നെ ആയിരിക്കണം അയ്യായിരം ഉറുപ്പികയുടെ ചെക്ക് കേഷ്ചെയ്തതാണെന്നു വരുത്തി, ടേക്സിയിൽ ടൌൺ എങ്ങും ചുററിനടന്നു എനിക്കും ഭാര്യക്കും വസ്ത്രമായിട്ടും പണ്ടമായിട്ടും പലതും വാങ്ങിത്തന്നതു്.

ഇൻസ്പെക്ടർ—വാങ്ങിത്തരുന്നതിന്നു് എന്താ മുടക്കം? അതൊക്കെ പിന്നീടു് എടുത്തുകൊണ്ടുപോവാനുള്ളതല്ലെ!

മാ നാ—അയാൾ ഇങ്ങിനെ ഒരു ബ്രഹ്മാണ്ഡവഞ്ചകനാണെന്നു് ആരെങ്കിലും വിചാരിച്ചിരുന്നോ?

ഇൻസ്പക്ടർ— എൻെറ അറിവില്ലം ഇങ്ങിനെ ഒരു ചതിയൻ പെട്ടിട്ടില്ല.

പിന്നെ ഇൻസ്പക്ടർ മാധവൻനായരുടെ കയ്യീത്തു റിക്കാട്ടാക്കി അവിടുന്നു പോയി. അപ്പോൾ മാലതി ഭത്താവിനെ ആശ്വസിപ്പാൻ പുറത്തുവന്നു.

മാലതി—പോയതുപോയി. ഇനി വിഷാദിച്ചിട്ട് ഫലമില്ല.

മാ. നാ—നിൻെറ മാമൻ എന്നു പറഞ്ഞിട്ടല്ലെ അയാൾ ഒന്നാമതു ഇവിടെ കേറിവന്നതു്?

മാലതി—എൻെറ മാമൻ എന്നുവെച്ചിട്ടോ! തേങ്ങേടെ മൂടാണ്.

മാ. നാ—മറെറന്താ! അങ്ങിനെയല്ലെ?

മാലതി— നിങ്ങളുടെ മാമനായിട്ട എന്നു പറയൂ.

മാ. നാ—ഞാൻ നിണക്കു എഴുതിയതു ഓമ്മയില്ലെ? നിൻെറ കാരണവർ വരുന്നുണ്ടു് എന്ന്.

മാലതി—പിന്നേയും പറയുന്നതു് നോക്കു. നിങ്ങളുടെ മാമൻ വരുന്നുണ്ടു് എന്നാണ് നിങ്ങൾ എഴുതിയതു്.

മാ. നാ—ആ എഴുത്തു് കൈവശമുണ്ടോ?

മാലതി—ഉണ്ടു്.

മാ. നാ—എന്നാൽ അതു ഒന്നു എടുത്തുകൊണ്ടുവരൂ.

മാലതി, ക്ഷണം എഴുത്തുകൊണ്ടുവന്നു മാധവൻനായരുടെ കൈവശം കൊടുത്തു. എഴുത്തു നോക്കിയപ്പോൾ മാധവൻനായർ, ഇടിവെട്ടിയ മരംപോലെ സ്തംഭിച്ചുനിന്നുപോയി. എന്തുകൊണ്ടെന്നാൽ, താൻ മാലതിക്കു അയച്ച എഴുത്തിൽ കണ്ടതു് "എൻെറ കാരണവർ" എന്നു തന്നെയാണ്. അത്ഭുതംകൊണ്ടു് അണ്ണിമറഞ്ഞുപോയ

മാധവൻനായർ ഒരു കസേലമേൽ ഇരുന്നു വളരെ നേരം ആലോചിച്ചു

മാലതി—എന്താ ഇത്ര കലശലായി ആലോചിക്കുന്നതു്?

മാ. നാ—യഥാത്ഥം മനസ്സിലാവാൻ.

മാലതി—മനസ്സിലായെങ്കിൽ എന്നോടു പറയുമോ?

മാ നാ—മററാരോടു് ഞാൻ പറയും? വല്ലാത്ത കൌശലക്കാർ

മാലതി—ഉണ്ടായതു ഞാനും കേഠക്കട്ടെ.

മാ. നാ—കാൎയ്യസ്ഥൻ എന്നെ മനസ്സിലാക്കിത്തന്നതു് കാരണവർ നിന്റേതു എന്നാണു്. ഞാൻ നിണക്കു് അയച്ച എഴുത്തും "നിന്റെ" കാരണവൻ എന്നായിരുന്നു. എഴുത്തു കാൎയ്യസ്ഥന്റെ കയ്യിൽ കിട്ടിയപ്പോഠ "നിന്റെ" എന്നു ഞാൻ എഴുതിയതു കാൎയ്യസ്ഥൻ "എന്റെ" എന്നാക്കി മാററി, എഴുത്തു നിണക്കു തന്നു. എന്റെ പൂൎണ്ണബോധം കാരണവർ നിന്റേതു് എന്നായി. എന്റെ എഴുത്തു് കിട്ടിയപ്പോഠ നിന്റെ പൂൎണ്ണബോധം കാരണവർ എന്റേതാണെന്നുമായി. ആ തെററിദ്ധാരണകൊണ്ടു് നമ്മഠ ഇരുവരും കാരണവരുടെ കോപ്രാട്ടികളൊക്കെ പാട്ടുള്ളേടത്തോളം സഹിച്ചു. എന്നു വെച്ചാൽ അയാഠ നിന്റെ കാരണവരെന്ന നിലയിൽ ഞാനും, അയാഠ എന്റെ കാരണവരെന്ന നിലയിൽ നീയും എല്ലാം പൊറുത്തു അയാളെ ശുശ്രൂഷിച്ചു. ആ സുംഭന്റെ കഴുത്തുഞെക്കിക്കൊല്ലുകയാണു് വേണ്ടിയിരുന്നതു്.

മാലതി:—അയാളും പോയി. ഇവിടെ ഉണ്ടായിരുന്ന സകല ആഭരണങ്ങളും പോയി.

മാ. നാ:—അവർ എടുത്തുകൊണ്ടുപോയ ആഭരണങ്ങൾ ഒക്കെപോട്ടെ അതൊന്നും സാരമില്ല എനിക്കു പുല്ലുവിലയാണ്. എന്തുകൊണ്ടെന്നാൽ വിലമതിക്കാൻ പാടില്ലാത്ത ഏററവും മുന്തിയ ഒരു രത്നാഭരണമാണു്, അവർ എടുക്കാതെ ഇവിടെ ഇട്ടേച്ചുപോയതു. അതു ഇവിടെത്തന്നെ ഉള്ളപ്പോൾ, ഒരു ആഭരണവും, ഇവിടുന്നു പോയിട്ടില്ല എന്നുതന്നെ ഞാൻ കരുതും.

മാലിനി—ഏതാണ് ആ ആഭരണം?

മാ. നാ—എൻെറ സ്വപ്നക്കട്ടേ! അതു നീയല്ലാതെ മററു് ഏതാണ്?

കണ്ണാമൃതമായ ആ വാക്ക് കേട്ടപ്പോൾ മാലതിയുടെ ഹൃദയം വിവിധവികാരങ്ങൾകൊണ്ടു് കലശലായി സ്പന്ദിച്ചു. സൂര്യമണ്ഡലത്തിലെ കറുപ്പുപുള്ളി എന്നപോലെ വിളങ്ങുന്ന, ആ മനോഹരിയുടെ ഓരോ കണ്ണിലും ഓരോ തുള്ളി വെള്ളം നിറഞ്ഞു. അതു പുറമെ ചാടുംമുമ്പെ, പെട്ടെന്നു പാണിബന്ധത്തിൽ പെട്ടുതപ്പെട്ട, പ്രാണപ്രിയൻെറ മുഖം, അതാകുന്ന തീർത്ഥവെള്ളംകൊണ്ടു് അവൾ അഭിഷേകം ചെയ്തു. അപ്പോൾ മാധവൻനായരുടെ സകല സങ്കടവും, പ്രഭാതത്തിലെ മഞ്ഞിൻതുള്ളികൾപോലെ ക്ഷണംകൊണ്ട് മാഞ്ഞുപോയി.

# വിരുന്നു വന്ന മാമൻ

702

ഗ്രന്ഥകർത്താ:—
കെ. സുകുമാരൻ, ബി. എ.

JAWAHAR SMARAKA GRANTHASALA
Reg. No. 1273
KIDANGANOOR P.O.

പ്രസാധകന്മാർ:
പി. കെ. ബ്രദേഴ്സ്,
കോഴിക്കോട്.

വില: 8 ണ.